കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാള ഗ്രാമപഞ്ചായത്ത്

2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)419/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി: 25.03.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

മാള ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാള ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 1-2, 2-3, 2-8 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-5, 3-7, 3-8, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-18ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി4)419/2019, തിയ്യതി : 25/03/19

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.8.2017 മുതൽ 1.1.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.01.2019 മുതൽ 31.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ശിവൻ പി.എ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ.ശിവദാസൻ എ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സിജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സോന.കെ.സത്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ/നിർവ്വഹണഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കെ.സുകുമാരൻ | 1.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.ശ്രീദേവി.സി.പി | 1-4-2017 മുതൽ 31-7-2017വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | ശ്രീ.ഷാജി.കെ.കെ | 1/8/2017 മുതൽ 6/8/2017 വരെ |
| സെക്രട്ടറി | ശ്രീ.പി.വി.വിജയൻ | 7/8/2017 മുതൽ 12/11/2017 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | ശ്രീ.റെജി പോൾ | 13/11/2017 മുതൽ 27/11/2017 |

| | | |
|---|---|---|
| | | വരെ |
| സെക്രട്ടറി | ശ്രീ.സ്റ്റാർലി.ഒ.എസ് | 28/11/2017 മുതൽ 31/3/2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സൈറാ ബാനു.വി.കെ. | 01/04/2017 മുതൽ 21/06/2017 വരെ |
| | ശ്രീമതി.ഡൌളി പീറ്റർ | 22/6/2017 മുതൽ 18/8/2017 വരെ |
| | ശ്രീ.അജിത്ത്.സി.ബി. | 25/8/2017 മുതൽ 31/03/2017 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീ.റാഷി.പി.ആർ | 1/4/2017 മുതൽ 11/10/2017 വരെ |
| | ശ്രീമതി.ഗേളി മേരി ജോർജ്ജ് | 11/10/2017 മുതൽ 31/3/2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ശ്രീമതി.പി.എസ്.ആഷ | 1/4/2017 മുതൽ 31/3/2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ശ്രീമതി.സിനി ചന്ദ്രൻ | 1/4/2017 മുതൽ 31/3/2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.രാഖി രാജൻ | 1/4/2017 മുതൽ 31/3/18 വരെ |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. | ശ്രീമതി.കോമളവല്ലി എം.ആർ | 1/4/2017 മുതൽ 31/3/18 വരെ |
| വി.ഇ.ഒ. (മാള) | ശ്രീമതി.വഹിദ ബീവി | 1/4/2017 മുതൽ 26/6/2017 വരെ |
| | ശ്രീമതി.ജയശ്രീ.എം.എസ് | 27/6/2017 മുതൽ 30/6/17 വരെ |
| | ശ്രീമതി.ഷിഫാന.പി.എസ് | 1/7/2017 മുതൽ 31/3/2018 വരെ |
| വി.ഇ.ഒ, അഷ്ടമിച്ചിറ | ശ്രീമതി.ജയശ്രീ.എം.എസ് (മാള) | 1/4/17 മുതൽ 31/3/2018 |

| | | |
|---|---|---|
| | | വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ.ഷാജി.കെ.കെ | 1/4/2017 മുതൽ 29/10/2017 വരെ |
| | ശ്രീമതി.സീന.എംജെ | 1/11/2017 മുതൽ 5/12/2017 വരെ |
| | ശ്രീ.റെജി പോൾ | 6/12/2017 മുതൽ 31/3/2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സിൽവി .കെ.ഡി | 1/4/2017 മുതൽ 31/3/2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മുരളി.എ.കെ | 1/4/2017 മുതൽ 29/11/2017 വരെ |
| | ശ്രീമതി.അനില.ടി.തെയ്യശ്ശേന്ചേരി | 30/11/2017 മുതൽ 31/3/2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 2-1 |
| 14 | പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകൽ - അപാകതകൾ | 2-2 |
| 15 | തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള കമ്മിറ്റി തീരുമാനം - തുടർനടപടിയായില്ല | 2-3 |
| 16 | ഡി.ആന്റ്.ഒ ഫീ നിർണ്ണയം | 2-4 |
| 17 | ലേലം- അപാകതകൾ | 2-5 |
| 18 | തൊഴിൽനികുതി - പൊതു അപാകതകൾ | 2-6 |
| 19 | അന്തിമ ഡാറ്റാബാങ്ക് വിജ്ഞാപനം | 2-7 |

| | | |
|---|---|---|
| 20 | തെറ്റായ പ്ലാനിന് നിർമ്മാണാനുമതി | 2-8 |
| | ഭാഗം-3 | |
| 21 | ടെൻഡർ നടപടികൾക്കു മുൻപു തന്നെ ശരിയായ ആവശ്യകതാ നിർണ്ണയം നടത്താത്തത് പിന്നീട് ആശയക്കുഴപ്പങ്ങൾക്ക് ഇട വരുത്തുന്നു.ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്. | 3-1 |
| 22 | തെരുവുവിളക്കുകളുടെ മെയിന്റനൻസ് കണക്കും ഉപകരണങ്ങളുടെ വിതരണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 3-2 |
| 23 | റിംഗ് കംപോസ്റ്റ് നിർമ്മാണം. ഗുണഭോക്തൃവിഹിതമിനത്തിൽ കളക്ട് ചെയ്തത് 54250 രൂപ, ചെലവഴിച്ചത് 58500 രൂപ. | 3-3 |
| 24 | സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല. | 3-4 |
| 25 | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി-ഉടമസ്ഥാവകാശം ഉറപ്പാക്കാതെ ലാന്റ് റിലിങ്ക്ഷ്മെന്റ് പത്രികയുടെ അടിസ്ഥാനത്തിൽ റോഡ് പണി തുടങ്ങി-കോടതി വ്യവഹാരം മൂലം പണി നിർത്തി വയ്ക്കേണ്ടി വന്നു. | 3-5 |
| 26 | മെഡിക്കൽ ഓഫീസർ (സാമൂഹ്യാരോഗ്യകേന്ദ്രം) നടപ്പാക്കിയ പ്രോജക്ടുകൾ-പൊതു അപാകതകൾ | 3-6 |
| 27 | പെയിൻ& പാലിയേറ്റീവ് -മരുന്ന് ലഭ്യമായിട്ടില്ല. 3,05,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 28 | യുവാക്കൾക്കും യുവതികൾക്കും സ്വയം തൊഴിൽ സംരംഭത്തിനായി ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം-സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിക്കാത്തവർക്കും കരാറില്ലാതെ സബ്സിഡി നൽകി | 3-8 |
| 29 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ-പൊതു അപാകതകൾ | 3-9 |
| 30 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം-ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ | 3-10 |
| 31 | വിദേശത്ത് തൊഴിൽ ലഭ്യമാകുന്നവർക്കുള്ള ധനസഹായം-നിലവിൽ വിദേശത്ത് ജോലി ചെയ്തു കൊണ്ടിരുന്ന റെസിഡൻസ് വിസ ഉള്ളവർക്ക് നല്കി | 3-11 |
| 32 | പി.വി.സി വാട്ടർ ടാങ്ക് വിതരണം (എസ്.സി)-ടെണ്ടർ നടപടികളിൽ അപാകതളുണ്ടായി -ഗുണഭോക്താക്കളിൽ നിന്നും കൂടുതൽ പിരിച്ച ഗുണഭോക്തൃവിഹിതം തിരികെ നൽകണം | 3-12 |
| 33 | പഞ്ചായത്ത് ഓഫീസ് നവീകരണം-കോൺഫറൻസ് ഹാളിൽ വെർട്ടിഫൈഡ് ടൈൽ വിരിക്കൽ-ടൈലിന്റെ ഗുണനിലവാരം വിലയുടെ സാധുത ഉറപ്പുവരുത്താത്തതുമൂലം കരാറുകാരന് തുക കുറവ് അനുവദിക്കുമെന്ന വിശദീകരണം | 3-13 |
| 34 | ആനപ്പാറ-കോൾകുന്ന് റോഡ് സംരക്ഷണ പ്രവൃത്തി കുറ്റമറ്റ നിർവഹണം, പിഴ ഈടാക്കൽ ഉറപ്പുവരുത്തേണ്ടതാണ് | 3-14 |
| 36 | ഫ്രണ്ട് ഓഫീസ് രൂപകല്പനയിലെ അപാകതമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. | 3-15 |
| 37 | വനിതാവ്യവസായ പ്ളോട്ട് പുതിയ കെട്ടിടം ഉപയോഗപ്പെടുത്തേണ്ടതാണ് | 3-16 |
| 38 | മീറ്ററിങ് സമ്പ്രദായം ലാഭകരം | 3-17 |

| | | |
|---|---|---|
| | ഭാഗം-4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 49 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 27.03.2017 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് | 19,78,38,500 | 19,55,81,000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.18 | 19.06.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.2018 & 19.06.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(41)/28.07.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19631274.97 |
| വരവ് | 84271463 |
| ആകെ | 103902737.97 |
| ചെലവ് | 87832238 |
| നീക്കിയിരിപ്പ് | 16070499.97 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 1,62,71000 | 1,62,71000 | 1,62,033,58 | 67,642 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1,00,08,884 | 1,00,08,884 | 97,13,903 | 2,94,981 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 53,978 | 53,978 | 0 | 53978 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 92,22,000 | 92,22,000 | 64,13,921 | 28,08,079 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 36,33,000 | 36,33,000 | 23,35,238 | 12,97,762 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 7526390 | 7526390 | 7256558 | 269832 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 3113255 | 3113255 | 2576063 | 537192 |
| സാക്ഷരത | | 132882.25 | 54737 | 187619.25 | 0 | 187619.25 |
| ദുരിതാശ്വാസനിധി | | 22588 | 205 | 22793 | 0 | 22793 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 11734552 | 11734552 | 11734552 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 65333 | 1540647 | 1605980 | 1484322 | 121658 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 170000 | 25000 | 195000 | 0 | 195000 |
| ICDS | | 155097 | 725014 | 880111 | 337048 | 543063 |
| PYCKA | | 39679 | 0 | 39679 | 0 | 39679 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ലൈബ്രറി ഗ്രാന്റ് | | 22987 | 31952 | 54939 | 19700 | 35239 |
| Keralolsavam | | 0 | 20000 | 20000 | 20000 | 0 |
| Vimukthi | | 25000 | 12500 | 37500 | 6520 | 18480 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 138560 | 1690000 | 1828560 | 1190000 | 638560 |
| | ജില്ലാ പഞ്ചായത്ത് | 554756 | 725000 | 1279756 | 819266 | 460490 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 16440 | 16440 | 16440 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 29787600 | 29787600 | 29787600 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 8726600 | 8726600 | 8726600 | 0 |
| അവിവാഹിത പെൻഷൻ | | 0 | 1027200 | 1027200 | 1027200 | 0 |
| വിധവ പെൻഷൻ | | 0 | 16625600 | 16625600 | 16625600 | 0 |
| വികലാംഗ പെൻഷൻ | | 0 | 4469700 | 4469700 | 4469700 | 0 |
| വിവാഹധനസഹായം | | 0 | 330000 | 330000 | 330000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 266471 | 266471 | 266471 | 0 |
| തനതുഫണ്ട് | കോ-ഓപ്പറേറ്റീവ് ബാങ്ക് | 5903195.72 | 20242653 | 26145848 | 15849721 | 10296127.72 |
| | ട്രഷറി STSB ജനറൽ പർപ്പസ് ഗ്രാന്റ് | 4282351 | 12065000 | 16347351 | 15840403 | 506948 |
| മറ്റിനം | | | | | | |
| TDCB FD | | 17383251 | 1386191 | 18769442 | 0 | 18769442 |
| e-payment | | 0 | 403071 | 403071 | 0 | 403071 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 220 | 97055684 | 127 | 51373610 | 56 | 37 | 57.7 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 65333 | 1540647 | 1605980 | 1484322 | 121658 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 11734552 | 11734552 | 11734552 | 0 |

## 1-8 ക്ഷേമ പദ്ധതികൾ.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 16440 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 8726600 | 709 |
| വിധവാ പെൻഷൻ | 16625600 | 1376 |
| വാർദ്ധക്യകാല പെൻഷൻ | 29787600 | 2254 |
| വികലാംഗപെൻഷൻ | 4469700 | 387 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1027200 | 82 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.1.19 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11638 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ വൗച്ചറുകൾ ഭരണസമിതി തീരുമാനങ്ങൾ എന്നിവ പുസ്തകരൂപത്തിൽ സൂക്ഷിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ഓഡിറ്റ് വേളയിലും ബഹിർഗമനയോഗത്തിലും വളരെ ക്രിയാത്മകവും സ്വാഗതാർഹവുമായ സമീപനമാണ് ഉണ്ടായിട്ടുള്ളത്. ഭൂരിഭാഗം തെരുവ് വിളക്കുകൾക്കും മീറ്ററിങ് സമ്പ്രദായം ഏർപ്പെടുത്തിയത് മൂലം കറന്റ് ചാർജിനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളതും എടുത്ത് പറയേണ്ടതാണ്. അവശേഷിക്കുന്നവക്കുകൂടി മീറ്ററിങ് സമ്പ്രദായം ഏർപ്പെടുത്തിയാൽ അത് കൂടുതൽ ഗുണകരമാവുന്നതാണ്. ഗ്രാമപഞ്ചാത്ത് സെക്രട്ടറി (തൊഴിലുറപ്പ് പദ്ധതി ഒഴികെ), വെറ്ററിനറിസർജൻ, കൃഷി ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, വി.ഇ.ഓ, ആയുർവേദ, ഹോമിയോപ്പതി മെഡിക്കലാഫീസർമാർ നി.ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളിൽ അപാകതകളില്ലാത്തത് വളരെ ശ്രദ്ധേയമാണ്. മറ്റ് നി.ഉദ്യോഗസ്ഥർ കൂടി സന്ദർഭോചിതമായി പ്രവർത്തിച്ചാൽ അത് സ്ഥാപനത്തിന് കൂടുതൽ അഭിമാനാർഹമാകുന്നതാണ്. ജോലിവിഭജനം ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കേണ്ടതാണ്. ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ അജണ്ടയായി നിശ്ചയിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18/01/2019 | 12/2018 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | | | |

## 1-12 വാർഷികകണക്കിലെ അപാകതകൾ

1.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011 ചട്ടം 62(എഫ്))

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം (42460450.00) പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

3.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ net increase in cash and cash equivalence ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3560775 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ net cash generated by operating, investing and financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3735874 രൂപയാണ്. പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ഈ രണ്ടു തുകകളും പൊരുത്തപ്പെടുന്നില്ല.

4. വസ്തുനികുതി തൻവർഷം സഞ്ചയ, സാംഖ്യ എന്നിവ തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

വസ്തുനികുതി തൻവർഷം

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ | സാംഖ്യ | സഞ്ചയ | സാംഖ്യ | സഞ്ചയ | സാംഖ്യ |
| താമസാവശ്യം + താമസേതരം | 7426726 | 7426718 | 5705803 + 931120 (Adv) = 6636923 | 594967 (Adv) + 5679400 = 6274367 | 803599 | 832496 |

5. വസ്തുനികുതി കുടിശ്ശികയിൽ താഴെ പറയും പ്രകാരം അപാകത കാണുന്നു.

| വസ്തുനികുതി ഇനം | 2016-17 ലെ ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശിക | 2017-18 ലെ അരിയർ കളക്ഷൻ | 2017-18 ലെ അരിയർ ബാലൻസ് |
|---|---|---|---|
| താമസാവശ്യത്തിനുള്ളവ | 851716 (ലൈബ്രറി സെസ്സ് ഉൾപ്പെടെ) (സെസ്സ് കുറച്ചുള്ള തുക 8111058) | 869119 | 393458 (ലൈബ്രറി സെസ്സ് ഉൾപ്പെടെ) (സെസ്സ് കുറച്ചുള്ള തുക 374722) |
| താമസേതരം | 3028226 (ലൈബ്രറി സെസ്സ് കുറച്ചുള്ള തുക 2884025) | 1291424 | 1061544 (ലൈബ്രറി സെസ്സ് ഉൾപ്പെടെ) (ലൈബ്രറി സെസ്സ് കുറച്ചുള്ള തുക 1010994) |

ഇപ്രകാരം വസ്തുനികുതി കുടിശ്ശികയിൽ വന്ന പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതാണ്.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതി ഇനത്തിൽ 2329123 രൂപയും വാടക ഇനത്തിൽ 55639 രൂപയും കുടിശ്ശികയുണ്ട്. കുടിശ്ശിക വാർഷികാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/തസ്വഭവ/ തീ. 26.07.2011, കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം സംശയാസ്പദമായ തുകയുടെ ലഭ്യത കണക്കാക്കി ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്.

7. ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ട് പ്രകാരം Prior period item എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജറുകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | | ശീർഷകം ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ I-18 | ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ട് പ്രകാരം 31.03.18 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 280100101 | Property tax on Res. building | 321160 |
| 2 | 280100104 | Property tax on Non Res.building | 204089 |
| 3 | 280800101 | Est. expenses | 75646 |
| 4 | 280100102 | Profession tax (traders) | 55594 |

8. തൊഴിൽനികുതി(ജീവനക്കാരുടെ)വാർഷികകണക്കും, രജിസ്റ്ററും തമ്മിൽ ഡിമാന്റ്, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

തൊഴിൽനികുതി ജീവനക്കാർ

| | വാർഷിക കണക്ക് | ഡിമാന്റ് രജിസ്റ്റർ |
|---|---|---|
| ഡിമാന്റ് | 4079410 | 4138060 |
| ബാലൻസ് | - | 58650 |

9.തൊഴിൽ നികുതി (വ്യാപാരികൾ)വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ ഡിമാന്റ്, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

തൊഴിൽനികുതി വ്യാപാരികൾ

| | വാർഷിക കണക്ക് | ഡിമാന്റ് രജിസ്റ്റർ |
|---|---|---|
| ഡിമാന്റ് | 734070 | 650320 |
| ബാലൻസ് | 85300 | 1550 |

10. തൊഴിൽ നികുതി (വ്യാപാരികൾ) കുടിശ്ശിക, 2016-17 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 1250/- രൂപയായിരുന്നു. 2017-18 ലെ കുടിശ്ശിക കളക്ഷൻ 24040/- രൂപയാണ്.

11. 2017-18 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 ൽ 350800299, other liabilities എന്ന ഹെഡ്ഡിൽ ഉൾപ്പെട്ട 48400/- രൂപ ചെക്ക് & ഡ്രാഫ്റ്റ് പരിശോധിച്ചതിൽ സാക്ഷരതാ മിഷനിൽ നിന്നും പ്രേരക് മാർക്ക് ഹോണറേറിയം നൽകിയ വകയിൽ തിരികെ ലഭിച്ച തുകയാണ്, ആയത് പഞ്ചായത്തിന്റെ വരവാക്കി മാറ്റേണ്ടതാണ്.

12. 2017-18ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a), capital work in progressൽ ഉൾപ്പെട്ട1,23,924/- രൂപ, അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പ്രകാരം 2017-18ൽ തന്നെ പൂർത്തീകരിച്ച പദ്ധതിയുടെ ചെലവാണ്.

13. Investment Register പ്രകാരം, 2017-18 ലെ ഇൻവെസ്റ്റുമെന്റുകളുടെ മൂല്യം 17383251/-രൂപയാണ്. വാർഷികകണക്ക് ഷെഡ്യൂൾ B-12 പ്രകാരം 16741244/-രൂപയാണ്. പ്രസ്തുത തുക 2016-17 ലെ ബാലൻസ് ഷീറ്റിലെ തുകയാണ്.

14.വാർഷിക കണക്കിലെ ഡെപ്പോസിറ്റ് ഹെഡ്ഡുകളിൽ താഴെ പറയുന്നവയുടെ വരവ് നെഗറ്റീവ് ആയതിന് വിശദീകരണം നൽകേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | 340100203 | Bidders security deposit | 15140/- |
| 2 | 340200101 | Rent deposit | 45691/- |

15. ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട അഡ്വാൻസ് തുകകൾ, അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

16. ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ liability in respect of stale cheque (350800101) 3226/-രൂപാ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

എന്നാൽ Reconciliation statementൽ (TDCB own fund) 3,37,233/- രൂപ stale cheque ഉള്ളതായി കാണുന്നു.

17. ജലനിധി ക്യാഷ്ബുക്ക് പ്രകാരം വരവ് 1026800/- രൂപയും വാർഷികകണക്കിൽ (RP-31) 1206350/- രൂപയുമാണ് കാണിച്ചിരിക്കുന്നത്.

18. 2016-17 ലെ പുതുക്കിയ വാർഷികകണക്ക് പ്രകാരം Rent from buildings

| Demand | collection | Balance |
|---|---|---|
| 5252572 | 2547458 | 2705114 |

എന്നാൽ 2016-17ലെ വാടക രജിസ്റ്റർ പ്രകാരം DCB താഴെ കൊടുക്കുന്നു

| Demand | collection | Balance |
|---|---|---|
| 2661120 | 2547458 | 113662 |

ഇത്തരത്തിൽ 2591452/- രൂപ അധികമായി demand ൽ ഉൾപ്പെടുത്തിയതിന് കമ്മിറ്റി തീരുമാനം ഹാജരാക്കേണ്ടതാണ്. 2017-18 ലെ വാർഷികകണക്ക് പ്രകാരം demand 2632572/- രൂപ മാത്രമാണ്. 2017-18 വാർഷികകണക്ക് ,ഷെഡ്യൂൾ I-18ൽ prior period income Rent from buildings 2591452/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ പ്രസ്തുത തുക എഴുതിത്തള്ളിയതിന് ആധാരമായ അനുമതികൾ ലഭ്യമാക്കേണ്ടതാണ്. 1998 ലെ കേരളാപഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങളിലെ ചട്ടം (3) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് അംഗീകൃത വൗച്ചർ, വർക് ഷീറ്റ് എന്നിവയുടെ അഭാവത്തിൽ ഓഡിറ്റിന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

2016-17 ലെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൽ ഓഡിറ്റിനു ശേഷം തിരുത്തൽ വരുത്തിയിട്ടുണ്ട്. ഇത് ഉചിതമല്ല. മുൻ വർഷത്തെ കണക്കുകളിൽ തെറ്റ് കണ്ടെത്തുന്ന പക്ഷം പുതിയ കണക്കുകളിൽ prior period item, Excess income over Expenditure, Panchayath fund general എന്നീ ശീർഷകങ്ങൾ ഉപയോഗിച്ച് തിരുത്തൽ വരുത്തേണ്ടതാണ്.

19. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

20. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

21. വാർഷിക ഓഡിറ്റ് സമയത്ത് കണ്ടെത്തിയത്
1.മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- മൂലധനചെലവുകൾ -റവന്യൂചെലവ് ആയി വാർഷികകണക്കിൽ ഉൾപ്പെടുത്തി.
മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മൂലധനചെലവുകൾക്കായി 12,22,263 രൂപ ചെലവഴിച്ചിട്ടുണ്ട്. (തൊഴിലുറപ്പ് പദ്ധതി വിഭാഗം നൽകിയ കണക്ക് പ്രകാരം)

ഇത് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതാണ്.

പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തി | ചെലവ് തുക |
|---|---|---|
| 1. | എം.വി റോഡ് സൈഡ് കെട്ടി സംരക്ഷണം | 95,969 |
| 2. | നിർമാണ സാമഗ്രഹികളുടെ ഉത്പാദന യൂണിറ്റ് | 52,402 |
| 3. | അങ്കണവാടി റോഡ് കോൺക്രീറ്റിങ്ങ് | 27,662 |
| 4. | എം.വി റോഡ് കോൺക്രീറ്റിംഗ് | 1,65,288 |
| 5. | കോൾക്കുന്ന് പ്രദേശത്ത് 141 നമ്പർ അങ്കണവാടി കെട്ടിട നിർമാണം | 8,80,942 |
| | | 12,22,263 |

ഈ തുക പഞ്ചായത്തിന്റെ വാർഷികകണക്കിൽ ബാലൻസ്ഷീറ്റിൽ “312100101 -Capital contribution” എന്ന ബാധ്യത ശീർഷകത്തിലും "410200199-Buiding-Others” എന്ന ആസ്തി ശീർഷകത്തിലുമാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

എന്നാൽ ഈ തുകകൾ കൂടി ഉൾപ്പെടുന്ന 2017-18 ലെ ആകെ EFMSചെലവ് തുക (ഭരണ ചെലവ് ഒഴികെ) യായ 1,21,52,212 രൂപ "160100601-National Rural Employment Guarantee Act scheme (NREGA)” എന്ന വരുമാന ശീർഷകത്തിലും “251300801- Total Poverty Alleviation Programs-General"എന്ന റവന്യൂ ചെലവ് ശീർഷകത്തിലും ഉൾപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്.(ജേണൽ വൌച്ചർ നമ്പർ 41700216 തീ 31/3/2018 ). ഇപ്രകാരം ചെയ്തതിനാൽ പഞ്ചായത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ആകെ വരുമാനവും ചെലവും 12,22,263 രൂപ കൂടുതലായും 31/3/2018 ലെ ബാലൻസ്ഷീറ്റിൽ ആസ്തി ബാധ്യതകൾ ഇത്രയും തുക കുറവായും രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ വിവരങ്ങൾ പരിശോധിച്ച് ഈ തുക 2018-19 സാമ്പത്തികവർഷത്തിൽ “Capital contribution”എന്ന ബാധ്യത ശീർഷകത്തിലും

അതാത് ആസ്തി ശീർഷകത്തിലും ഉൾപ്പെടുന്ന രീതിയിൽ “Prior period items” എന്ന ശീർഷകത്തിലേക്ക് ക്രമീകരിച്ച് മേൽപരാമർശിച്ച അപാകത പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൾഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഈ ഇനത്തിൽ ഈടാക്കിയ തുക മൊത്തമായി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. എന്നാൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതും ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകൽ - അപാകതകൾ

1. അംഗീകൃത ബൈലോ ഇല്ല

ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട് എങ്കിലും വാടക സംബന്ധിച്ച ഒരു അംഗീകൃത ബൈലോ ഗ്രാമപഞ്ചായത്തിലില്ല. വർഷംതോറും നിലവിലുള്ള വാടകയുടെ 5% വർദ്ധിപ്പിച്ച് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിവരികയാണ് ചെയ്യുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് 254, 1995ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ബൈലോ തയ്യാറാക്കാവുന്നതാണ്. അംഗീകൃത ബൈലോ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടത്തിന്റെ ഡി.ആന്റ്.ഒ ലൈസൻസ് ഉറപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടത്തിന്റെ ഡി.ആന്റ്.ഒ ലൈസൻസ് വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത് എന്നാൽ ഈ സ്ഥാപനങ്ങളുടെ ലൈസൻസ് വിവരം ലഭ്യമാക്കുകയുണ്ടായില്ല. ഈ കെട്ടിടങ്ങളുടെ ലൈസൻസ് വിവരം അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിൽ പരിശോധിച്ചപ്പോൾ നിരവധി കെട്ടിടങ്ങളുടെ ലൈസൻസ് വിവരം ലഭ്യമായില്ല. കെട്ടിടങ്ങളുടെ വിവരം ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|
| 1 | 15/631 |
| 2 | 15/641 |
| 3 | 15/652 |
| 4 | 15/634 |
| 5 | 12/418 |
| 6 | 15/180 |
| 7 | 15/181 |
| 8 | 15/182 |
| 9 | 15/159 |
| 10 | 15/156 |
| 11 | 15/161 |
| 12 | 15/157 |
| 13 | 15/158 |
| 14 | 15/171 |
| 15 | 15/170 |
| 16 | 15/172 |
| 17 | 15//175 |
| 18 | 15/173 |
| 19 | 15/177 |

ഈ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, സാംഖ്യയിൽ ടി വിവരം ലഭ്യമാകാത്തത് എന്നിവയ്ക്ക് മറുപടി നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തന ലൈസൻസ് ഉറപ്പാക്കിയില്ല എന്നാണെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവമായി വീക്ഷിക്കുന്നതാണ്.

3. വാടകയ്ക്ക് നൽകിയ കടമുറികൾ മറിച്ച് വാടകയ്ക്ക് നൽകുന്നു

ഗ്രാമപഞ്ചായത്ത് 15/633 നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്ത് പ്രതിമാസം 6655 രൂപയ്ക്ക് കരാർ ഉടമ്പടി ചമച്ചിരിക്കുന്നത് സി.വി ജോസ്, ചെല്ലക്കുടം, മാള എന്ന വ്യക്തിയാണ്. എന്നാൽ ഈ സ്ഥാപനത്തിലെ പ്രവർത്തന ലൈസൻസ് അരുൺ പി.എസ് എന്നയാളുടെ പേരിലാണ്. കെട്ടിടനമ്പർ 15/176 വാടകയക്ക് എടുത്തിട്ടുള്ളത് മേഴ്സൺ, കൈമാത്തുരുത്തി, മാള എന്നാണെങ്കിലും ടി കെട്ടിടത്തിന്റെ ലൈസൻസ് ജോമോൻ എന്നവ്യക്തിയുടെ പേരിലാണ്.

വാടകയ്ക്ക് നൽകുന്ന ആളിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ കെട്ടിടമോ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗമോ മറ്റു വാടകയ്ക്ക് നൽകാൻ പാടില്ലായെന്നത് കരാർ ഉടമ്പടിയിൽ വ്യക്തമാക്കുന്നുണ്ട്. കരാർ ഉടമ്പടിക്ക് വിരുദ്ധമായ ഇത്തരം പ്രവർത്തനങ്ങൾ പരിശോധിക്കപ്പെടേണ്ടതും ആയത് ഒഴിവാക്കുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതുമാണ്.

4. നിരവധി കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയുന്ന കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.

15/163,15/164,15/166,15/167,15/168,15/174,15/178A3,15/178 A6മുതൽ 15/178 A20 വരെ .

ഗ്രാമപഞ്ചായത്തിന്റെ ഫിഷ് മാർക്കറ്റ്, പച്ചക്കറി മാർക്കറ്റ് എന്നിവിടങ്ങളിലെ കടമുറികൾ ലേലം കൊള്ളാത്ത സാഹചര്യം ഗ്രാമപഞ്ചായത്തിലുണ്ട്. ടി കെട്ടിടങ്ങൾ ഉപയുക്തമാക്കാൻ ഉചിതമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. സർക്കാർ പണം വിനിയോഗിച്ച് നിർമ്മിക്കപ്പെടുന്ന ഇത്തരം കെട്ടിടങ്ങൾ നിഷ്ക്രീയ ആസ്തിയായി മാറാതിരിക്കാൻ ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-3 തനതുവരുമാനം വ്യദ്ധിപ്പിക്കാനുള്ള കമ്മറ്റി തീരുമാനം - തുടർനടപടിയായില്ല

ഗ്രാമപഞ്ചായത്ത് വികാസ് ഭവനിൽ 2016-17 വർഷം പ്രവർത്തനസജ്ജമായിട്ടുള്ള ഓഡിയോ വിഷ്വൽ റൂമിന് വാടക നിശ്ചയിക്കുവാൻ സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി 14.12.17 ന് ഭരണസമിതി തീരുമാനമെടുത്തു കാണുന്നു. തുടർനടപടി വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇത് സംബന്ധിച്ച് നിർദ്ദേശം നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തനതുവരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധചെലുത്തേണ്ടതുമാണ്.

## 2-4 ഡി.ആന്റ്.ഒ ഫീ നിർണ്ണയം

ഗ്രാമപഞ്ചായത്തിന്റെ 20 വാർഡുകളിലായി പ്രവർത്തിക്കുന്ന 1197 സ്ഥാപനങ്ങൾക്ക് 2017-18 ൽ ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഇനത്തിലുള്ള വരവ് 2,49,000 രൂപ മാത്രമാണ്. സർക്കാർ ഉത്തരവ് (കൈ) 80/17/തസ്വഭവ 31.10.17 പ്രകാരം ലൈസൻസ് ഫീ പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. നിലവിലുള്ള ഡി.ആന്റ്.ഒ ലൈസൻസ് ഫീ ഈടാക്കിയാൽ മതിയെന്ന് ഭരണസമിതി 28.02.18 ന് തീരുമാനമെടുത്തുകാണുന്നു. എന്നാൽ കാലാഹരണപ്പെട്ട ചട്ടപ്രകാരമുള്ള ഫീസ് നിശ്ചയിച്ചിരിക്കുന്ന തീരുമാനത്തിനെതിരെ സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി കാണുന്നുണ്ട്. എങ്കിലും ഈ അഭിപ്രായത്തിന്മേൽ സെക്രട്ടറി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പുതുക്കിയ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ ( Issue of Licence to Factories, Traders Entreprenesurship activities and other services ) Rules 1996 എന്നാക്കി മാറ്റിയിട്ടുള്ളതാണ്. സർക്കാർ ഉത്തരവുകൾ, നിർദ്ദേശങ്ങൾ പാലിച്ച് ലൈസൻസ് ഫീ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ലേലം - അപാകതകൾ

1. മൂല്യനിർണ്ണയ വിവരം ഇല്ല

ഉപയോഗ രഹിതമായ വസ്തുവകകൾ ലേലം ചെയ്യുന്നതിന് മുമ്പ് മൂല്യനിർണ്ണയം നടത്തേണ്ടതാണ്. താഴെപ്പറയുന്ന ലേലം ഫയലുകളിൽ മൂല്യനിർണ്ണയ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല.

1. വാർഡ് 5, 40-ാം നമ്പർ അംഗനവാടി ലേലം 6400/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് തുക ഈടാക്കിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ മൂല്യം എങ്ങനെ നിർണ്ണയിച്ചുവെന്നത് വ്യക്തമല്ല.

2. വാർഡ് 1, 37-ാം അങ്കണവാടി മേൽക്കൂര ലേലം - ആരും പങ്കെടുത്തില്ലായെന്ന് ലേല ഡയറിയിൽ കാണുന്നു. ലേല ഡയറി പ്രകാരം ലേലം വിളി ആരംഭിച്ചിരിക്കുന്നത് 5100/-രൂപക്കാണ്. ആയതിന്റെ മൂല്യം നിർണ്ണയിച്ചതിന്റെ വിവരം ലഭ്യമായില്ല. മൂല്യനിർണ്ണയം ഉറപ്പാക്കി ലേലനടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 തൊഴിൽനികുതി - പൊതു അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പൂർണ്ണമായി നികുതി വരുമാനം ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്തിനായിട്ടില്ല. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ

നികുതി ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല.

2. താഴെപറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കുന്ന റിട്ടേൺ പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നമ്പർ | പേര് വിവരം | വരുമാനം രേഖപ്പെടുത്തിയിരിക്കുന്നത് | അർദ്ധവർഷം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | നമ ജോയ് MET School of Engineering | 60000 | 1 | 450 | 600 | 150 |
| 2 | ഡിനിൽ ബാബു MET School of Engineering | 126000 | 1 | 1000 | 1250 | 250 |
| 3 | സുൻഹല MET School of Engineering | 126000 | 1 | 1000 | 1250 | 250 |
| 4 | കെ. കാർത്തികേയൻ MET School of Engineering | 126000 | 1 | 1000 | 1250 | 250 |
| 5 | ഷെറീൻ ട്രീസ Holy Grace Academy | അടിസ്ഥാന ശമ്പളം 21250 | 1 | 1000 | 1250 | 250 |
| 6 | ശ്രീദേവി സുനിൽ Holy Grace Academy | അടിസ്ഥാന ശമ്പളം 20950 | 1 | 1000 | 1250 | 250 |
| 7 | ശ്രീജി സി.എസ് Holy Grace Academy | അടിസ്ഥാന ശമ്പളം 21200 | 1 | 1000 | 1250 | 250 |
| 8 | നിഷ രവീന്ദ്രൻ Holy Grace Academy | അടിസ്ഥാന ശമ്പളം 21200 | 1 | 1000 | 1250 | 250 |
| 9 | ആഷ്‌ലി ലത്തീഫ് Holy Grace Academy | അടിസ്ഥാന ശമ്പളം 21200 | 1 | 1000 | 1250 | 250 |
| 10 | ജിമ്സ ജോസ് Holy Grace Academy | അടിസ്ഥാന ശമ്പളം 20860 | 2 | 600 | 1250 | 650 |
| 11 | ടെമ്സ കെ.ജോസഫ് Holy Grace Academy | അടിസ്ഥാന ശമ്പളം 13383 | 2 | 300 | 600 | 300 |
| 12 | ജിനി അനിൽ Holy Grace Academy | അടിസ്ഥാന ശമ്പളം 8200 | 2 | 300 | 450 | 150 |
| 13 | ജിബി ഷോണി Holy Grace | അടിസ്ഥാന ശമ്പളം 8200 | 2 | 300 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | Academy | | | | | |
| 14 | ലിഡിയ ജോ<br>Max value investments | അടിസ്ഥാന ശമ്പളം 12000 | 2 | 450 | 600 | 150 |
| 15 | ഗോകുൽ ദാസ്<br>Max value investments | അടിസ്ഥാന ശമ്പളം 14500 | 2 | 450 | 600 | 150 |
| 16 | ഫ്രെഡ്ഡി വർഗീസ്<br>Max value investments | അടിസ്ഥാന ശമ്പളം 17500 | 2 | 450 | 1000 | 550 |
| 17 | റാണി ജോസഫ് .ടി<br>SCGHS കോട്ടക്കൽ | 287270 | 2 | 1000 | 1250 | 250 |
| | | | | | ആകെ | 4500 |

3. തോംസൺ മെഡിക്കൽ സെന്റർ സമർപ്പിച്ചിരിക്കുന്ന റിട്ടേണിൽ വരുമാനം രേഖപ്പെടുത്താതെ നികുതി മാത്രം രേഖപ്പെടുത്തി കാണുന്നു.

4. 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ ഡെയ്‌ലി വേജസ് സ്റ്റാഫ്,ഡ്രൈവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

5. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

6. സൗമ്യ ജോസഫ്, എച്ച്.എസ്.എ, എസ്.സി.ജി.എച്ച്.എസ്, കോട്ടക്കൽ നിയമനം അംഗീകരിക്കാത്തതിനാൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് നികുതി ഈടാക്കാവുന്നതാണ്.

അപാകതകൾ പരിഹരിക്കേണ്ടതും നികുതി വരുമാനം ഉറപ്പാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-7 അന്തിമ ഡാറ്റാബാങ്ക് വിജ്ഞാപനം

2017 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി ) ചട്ടങ്ങൾ പ്രകാരം പ്രദേശികതല നിരീക്ഷണ സമിതി സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സർക്കാർ ഉത്തരവ് (സാധാ) 4592/2017/റവന്യൂ/തി. 31.10.17 ൽ നിർദ്ദേശിക്കുന്നുണ്ട്. ആയത് പ്രകാരം 31.3.18 ന് മുമ്പായി ഭേദഗതി വരുത്തി അന്തിമമാക്കിയ ഡാറ്റാബാങ്ക് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം മുഖേന വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. അന്തിമമാക്കിയ ഡാറ്റാബാങ്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്രൂഫ് കോപ്പിയിലെ അപാകത പരിഹരിക്കുന്നതിന് കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ടെന്നും ആയത് നാളിതുവരെ കൃഷിഓഫീസർ പരിഹരിച്ച് നൽകിയിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശപ്രകാരം അന്തിമ ഡാറ്റാബാങ്ക് വിജ്ഞാപനം നടപടിപൂർത്തിയാക്കേണ്ടതാണ്.

## 2-8 തെറ്റായ പ്ളാനിന് നിർമ്മാണാനുമതി

ഫയൽ നമ്പർ എഫ്/8688/2016

മേൽ ഫയൽ പ്രകാരം നിലവിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനു (94.32 m2) മുകളിൽ 103.10 m2 ൽ പണിപൂർത്തീകരിച്ചിരിക്കുന്ന കെട്ടിടത്തിന് XV 620A,B,C,D,E,F എന്നീ നമ്പറുകൾ നൽകി 7.6.17 ൽ നികുതി നിർണ്ണയിച്ചിരിക്കുന്നു.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം

Plinth Area

Ground Floor (Existing) 94.32 m2

First Floor ( Completion) 103.10 m2

Total 197.42 m2

Floor Area

Ground Floor (Existing) 85.26 m2

First Floor ( Completion) 84.55 m2

Total 169.81 m2
Extend 147 m2

FAR 1.34

Coverage 70.13
അംഗീകൃത പ്ലാനിൽ കെട്ടിടത്തിന്റെ വ്യാപ്തി 70.13% എന്നാണ്. വിനിയോഗ ഗണം A2, ഗണം F ലുള്ള കെട്ടിടങ്ങൾക്ക് അനുവദിക്കാവുന്ന കവറേജ് 55 %മാത്രമാണ്. നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് മുകളിലുള്ള നിർമ്മാണം താഴത്തെ നിലയിലുള്ള തറനിർമ്മാണവ്യാപ്തിയിൽ നിയന്ത്രണപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 97എ(7) ൽ വ്യക്തമാക്കുന്നുണ്ട്. ചട്ടങ്ങൾ പാലിക്കാതെ പണിത ടി കെട്ടിടത്തിന് നമ്പർ നൽകുകയാണ് ഉണ്ടായിട്ടുള്ളത്.
നിയമാനുസൃതമല്ലാത്ത പ്ലാനുകളുടെ അംഗീകാരത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളാകുന്നതാണ്. ക്രമപ്രകാരം പ്ലാനുകൾക്കും നിർമ്മാണങ്ങൾക്കും അനുമതി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടെൻഡർ നടപടികൾക്കു മുൻപു തന്നെ ശരിയായ ആവശ്യകതാ നിർണ്ണയം നടത്താത്തത് പിന്നീട് ആശയക്കുഴപ്പങ്ങൾക്ക് ഇട വരുത്തുന്നു.ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്.

പ്രോജക്ടിന്റെ പേര്: പഞ്ചായത്തിലേക്ക് യു.പി.എസ് വാങ്ങൽ.

പ്രോജക്ട് നമ്പർ. 96/18

പഞ്ചായത്തിലേക്ക് യു.പി.എസ് വാങ്ങാനായി ഡി-53/2017-18 തിയ്യതി . 23.09.2017 പ്രകാരം ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഇതു പ്രകാരമുള്ള യു.പി.എസിന്റെ സ്പെസിഫിക്കേഷൻ 5/kva/230v/50hz BIS രജിസ്റ്റേഡ് എന്നതായിരുന്നു. നാല് സ്ഥാപനങ്ങൾ ടെൻഡറുകൾ സമർപ്പിച്ചു. സുപ്ര ഹൈടെക് ഇലക്ട്രോ എക്വിപ്മെന്റ്, ഫോട്ടോൺ എനർജി സിസ്റ്റം, ഇഗാടെക്സ് ഇൻഡസ്ട്രിയൽസ് ഇലക്ട്രോണിക്സ്, ഹൈകൺ എന്നീ സ്ഥാപനങ്ങളിൽ ഇഗാ ടെക്സ് ഇൻഡസ്ട്രിയൽസ് എന്ന സ്ഥാപനം മാത്രമാണ് ടെൻഡർ നോട്ടീസ് പ്രകാരമുള്ള സ്പെസിഫിക്കേഷന് റേറ്റ് ക്വോട്ട് ചെയ്തത്. 131100 രൂപയാണ് ക്വോട്ട് ചെയ്തത്. മറ്റുള്ള സ്ഥാപനങ്ങൾ എല്ലാം 5KVA/120V യു.പി.എസിനാണ് റേറ്റ് ക്വോട്ട് ചെയ്തത്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി സമർപ്പിക്കപ്പെട്ട സ്പെസിഫിക്കേഷനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് മതിയാകത്തക്കതാണോ എന്നാരാഞ്ഞുകൊണ്ട് ഇലക്ട്രോണിക് ഡിവിഷൻ ചെമ്പൂക്കാവ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി. മേൽസ്ഥാപനം 16/12/2017 ൽ സുപ്ര ഹൈടെക് ഇലക്ട്രോ എക്വിപ് മെന്റ് എന്ന സ്ഥാപനത്തിന്റെ 5KVA/120V യു.പി.എസ് പഞ്ചായത്തിന്റെ ആവശ്യത്തിന് മതിയാകും എന്ന് കാണിച്ച് മറുപടി നൽകിയിട്ടുണ്ട്. ആയത് അനുസരിച്ച് സുപ്ര ഹൈടെക് ഇലക്ട്രോ എക്വിപ് മെന്റ് എന്ന സ്ഥാപനത്തിൽ നിന്നും 121320 രൂപ വിലയുള്ള യു.പി.എസ് വാങ്ങാൻ (23.12.2017 ലെ സാധാരണ മീറ്റിംഗിലെ 3-ാം നമ്പർ തീരുമാനം) കമ്മിറ്റി തീരുമാനിച്ചു. ഇത് ടെൻഡർ നടപടി ക്രമങ്ങൾക്ക് എതിരാണ് എന്ന് കാണാം. പഞ്ചായത്തിന് ആവശ്യമായ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള സ്ഥാപനത്തിൽ നിന്നും ടെൻഡർ വിളിക്കുന്നതിന് മുൻപായി ഉറപ്പിക്കേണ്ടതായിരുന്നു. ടെൻഡർ വിളിച്ചതിനുശേഷം നോട്ടീസിൽ നിന്നു മാറി മറ്റൊരു സ്പെസിഫിക്കേഷൻ തിരഞ്ഞെടുക്കുക വഴി ശരിയായ സ്പെസിഫിക്കേഷനിൽ ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന് ഇപ്പോൾ തെരഞ്ഞെടുത്ത സ്പെസിഫിക്കേഷനിൽ ടെൻഡർ സമർപ്പിക്കാനുള്ള സാഹചര്യം നഷ്ടപ്പെടുത്തുകയാണ് ഉണ്ടായത്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

### 3-2 തെരുവുവിളക്കുകളുടെ മെയിന്റനൻസ് കണക്കും ഉപകരണങ്ങളുടെ വിതരണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഫെയിമസ് ഇലക്ട്രിക്കൽസ് മൂന്നു പീടിക എന്ന സ്ഥാപനത്തിന് താഴെ ചേർക്കുന്ന തിയ്യതികളിൽ സി.എഫ്.എൽ ലൈറ്റുകൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

| തിയ്യതി | 20wCFL | 45WCFL | 11WCFL 4 Pin |
|---|---|---|---|
| 20/04/17 | 50 | | |
| 22/04/17 | 20 | 20 | |
| 11/05/17 | 50 | | |
| ആകെ | 120 | 20 | |
| 13/06/17 | 30 | 25 | 50 |
| 01/07/17 | 50 | 26 | 50 |

| | | | |
|---|---|---|---|
| 07/07/17 | 50 | | |
| 14/0717 | 70 | | 50 |
| 25/07/17 | | | 30 |
| ആകെ | 200 | 51 | 180 |

ഫെയ്മസ് ഇലക്ട്രിക്കൽസിന് 2017ഏപ്രിൽ, മെയ് മാസത്തെ സി.എഫ്.എൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 203 എണ്ണത്തിനായി 160 രൂപ നിരക്കിൽ 32480 രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ പട്ടിക പ്രകാരം 20, 45 വാട്ട് സി.എഫ്.എല്ലുകൾ 140 എണ്ണം മാത്രമേ ഈ ഓഫീസിൽ നിന്ന് ഫെയ്മസ് ഇലക്ട്രിക്കൽസിന് നൽകിയിട്ടുള്ളൂ. 2017 ഏപ്രിൽ 17 ലെ ഫെയ്മസ് ഇലക്ട്രിക്കൽസുമായുള്ള കരാർ ഖണ്ഡിക അഞ്ച് പ്രകാരം സാധനസാമഗ്രികൾ പഞ്ചായത്ത് ആണ് നൽകുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇതേ സ്ഥാപനത്തിന് 212 എണ്ണം സി.എഫ്.എൽ മാറ്റിയിട്ട വകയിൽ ജൂൺ, ജൂലായ് മാസങ്ങളിലേതായി 33920 രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ നിന്ന് നൽകിയത് 431 എണ്ണം സി.എഫ്.എൽ ലൈറ്റുകൾ ആണ്. അതായത് 219 എണ്ണം ലൈറ്റുകൾ എന്തു ചെയ്തു എന്നതിന് രേഖകളില്ല.

ഇതു സംബന്ധിച്ച എൻക്വയറിക്ക് പഞ്ചായത്ത് നൽകിയ മറുപടി തൃപ്തികരമല്ല. ഇത്തരം അപാകതകളില്ലാതെ വിതരണം ചെയ്യുന്ന ഉപകരണങ്ങളും, അറ്റകുറ്റപ്പണി ചെയ്യുന്ന വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 റിംഗ് കംപോസ്റ്റ് നിർമ്മാണം. ഗുണഭോക്തൃവിഹിതമിനത്തിൽ കളക്ട് ചെയ്തത് 54250 രൂപ, ചെലവഴിച്ചത് 58500 രൂപ.

പ്രോജക്ട് നമ്പർ 88/2017-18

15/17-18 – 4250 – 22.03.2018

02/17-18 – 162750 – 26.07.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ

യൂണിറ്റ് കോസ്റ്റ് – 2500 ഒന്നിന് ഗുണഭോക്തൃ വിഹിതം – 250

2016-17 വർഷത്തെ സ്പിൽഓവർ പദ്ധതിയായ ഇതിൽ 217 റിംഗ് കംപോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കാനായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കഴിഞ്ഞ വർഷം 117000 രൂപ കൈമാറിയിരുന്നു. ഈ വർഷം പ്ലാൻ ഫണ്ട് ഇനത്തിൽ 167000 രൂപയും ബ്ലോക്ക് ഫണ്ട് ഇനത്തിൽ 200000 രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 58500 രൂപ ഉൾപ്പടെ ആകെ 425500 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 217 ഗുണഭോക്താക്കളിൽ നിന്നായി 250 രൂപ നിരക്കിൽ 54250 രൂപയേ ഗുണഭോക്തൃമിനത്തിൽ പിരിച്ചെടുത്തിട്ടുള്ളൂ. 217 എണ്ണം ലഭിച്ചിട്ടുണ്ട്. 4250 രൂപ ബ്ലോക്ക് വിഹിതം നൽകേണ്ടതിന് പകരം തനത് ഫണ്ടിൽ നിന്ന് ഗുണഭോക്തൃവിഹിതം എന്ന നിലയിൽ കൈമാറുകയാണ് ഉണ്ടായിട്ടുള്ളത്. ബ്ലോക്ക് വിഹിതം 226500 രൂപയിൽ 2 ലക്ഷമേ ചെലവിട്ടിട്ടുള്ളൂ. ഈ അപാകത വാർഷികകണക്കിൽ പരിഹരിക്കേണ്ടതാണ്.

## 3-4 സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല.

ഗ്രാമപഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ഓരോ ഇനത്തിനും പ്രത്യേക പേജ് നൽകി വിവരങ്ങൾ ചേർത്തു വരുന്നില്ല. വാങ്ങിയ ഇനങ്ങളുടെ ഇൻവോയ്സ് നമ്പർ, തുക എന്നീ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. വർഷാന്ത്യ സ്റ്റോക്ക് തിട്ടപ്പെടുത്തി ആരും സാക്ഷ്യപ്പെടുത്തുന്നില്ല. 24.09.2010 ലെ 86/2010/ഫിൻ നമ്പർ സർക്കുലർ പരകാരം നിർദ്ദിഷ്ട ഫോർമാറ്റിൽ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 3-5 മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി- ഉടമസ്ഥാവകാശം ഉറപ്പാക്കാതെ ലാന്റ് റിലിങ്ക്ഷ്മെന്റ് പത്രികയുടെ അടിസ്ഥാനത്തിൽ റോഡ് പണി തുടങ്ങി-കോടതി വ്യവഹാരം മൂലം പണി നിർത്തി വയ്ക്കേണ്ടി വന്നു.

കാട്ടിരക്കുന്ന് ഭാഗം 141ാം നമ്പർ അങ്കണവാടിയിലേക്കുള്ള വഴിക്ക് ലാന്റ് റിലിങ്കിഷ്മെന്റ് ഫോറം പ്രകാരം 4 പേർ സ്ഥലം വിട്ടുകൊടുക്കുകയും ആയത് തുടർനടപടികൾക്കായി പഞ്ചായത്ത് ഭരണസമിതിയുടെ 12/6/15 ലെ 8(2) നമ്പർ തീരുമാനപ്രകാരം ഡി3532/15 തീ 17/6/15 നമ്പർ കത്ത് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അയച്ചു കൊടുക്കുകയുണ്ടായി. എന്നാൽ സ്ഥലം പഞ്ചായത്തിന്റെ പേരിൽ നിയമപരമായി ലഭിക്കുന്നതിന് മുമ്പ് പഞ്ചായത്ത് മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കോൾക്കുന്ന് പ്രദേശത്തെ അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തി, റോഡ് നിർമാണത്തിനായി സ്ഥലം ഏറ്റെടുക്കുകയും 2,08,966.49 രൂപയുടെ പ്രവൃത്തി നടത്തുകയും ചെയ്തു. ഇതിൽ 27,662 രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ ശ്രീമതി കവിണിപ്പിള്ളി സുകുമാരൻ ഭാര്യ രാജേശ്വരി എന്ന വ്യക്തി ഹൈക്കോടതിയിൽ വഴിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് നല്കിയ പരാതിയെ തുടർന്ന് ഹൈക്കോടതി നിർമാണ പ്രവൃത്തികൾ നിർത്തിവയ്ക്കുവാൻ ഉത്തരവായി. തുടർന്ന് പഞ്ചായത്ത് റോഡ് പണി നിർത്തി വച്ചു. 120 മീറ്റർ പ്രവൃത്തി നടപ്പാക്കാനാണ് ഉദ്ദേശിച്ചതെങ്കിലും 38 മീറ്റർ റോഡ് പണി നടത്തി പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നു. സ്ഥലം പഞ്ചായത്തിന്റെ പേരിൽ നിയമപരമായി ലഭിക്കുന്നതിന് മുമ്പ് പ്രവൃത്തി തുടങ്ങിയതിനാലാണ് ഇപ്രകാരം പണി നിർത്തി വയ്ക്കേണ്ടി വന്നത്. വിട്ടുകിട്ടുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന് നിയമപരമായി നടപടികളിലൂടെ പൂർണമായും ഉറപ്പാക്കിയ

ശേഷം മാത്രം ആ സ്ഥലം ഉപയോഗിക്കുന്നതാണ് ഉചിതം. ഇത് ഇപ്രകാരമുള്ള വ്യവഹാരങ്ങളുടെ എണ്ണം കുറക്കുന്നതിനും പഞ്ചായത്ത് ഫണ്ടിൽ നിന്നും അനാവശ്യചെലവുകൾ ഒഴിവാക്കുന്നതിനും സഹായിക്കും.

1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ )ചട്ടങ്ങൾ ചട്ടം 3, കേരള ലാന്റ് റിലിങ്കിഷ്മെന്റ് നിയമം, ചട്ടം 1958, എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന് ഭൂമി നിയമപരമായി അവകാശം ലഭിക്കുന്നതിലോ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിലോ മറ്റ് വകുപ്പുകളിൽ നിന്ന് കാലതാമസം നേരിടുന്ന പക്ഷം സർക്കാരിനെ അറിയിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാതെ ഈ കാലതാമസം കാരണമായി ചൂണ്ടിക്കാണിച്ച് നിയമപരമായി വിട്ടുകിട്ടാത്ത ഭൂമിയിൽ നിർമാണം നടത്തുന്നത് ഉചിതമല്ല. (ഓഡിറ്റ് എൻക്വയറി 25 തീ 31/1/2019)

## 3-6 മെഡിക്കൽ ഓഫീസർ(സാമൂഹ്യാരോഗ്യകേന്ദ്രം) നടപ്പാക്കിയ പ്രോജക്ടുകൾ-പൊതു അപാകതകൾ

1.മെഡിക്കൽ ഓഫീസർ 2017-18 ലെ കാഷ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല.കാഷ് ബുക്കിൽ 19.1.2018 മുതലുള്ള രേഖപ്പെടുത്തൽ ഇല്ല.

2.നടപ്പാക്കിയ പ്രോജക്ടുകൾക്ക് മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

3.നിർവ്വഹണോദ്യോഗസ്ഥ പൂർത്തികരണ സാക്ഷ്യപത്രം തയ്യാറാക്കുന്നില്ല.

4.ക്വട്ടേഷൻ, ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങൽ നടത്തുന്നു. ഉദാഹരണം താഴെ ചേർത്തിരിക്കുന്നു.

| ക്ര.ന | പ്രോജക്ട് | സ്ഥാപനം | വാങ്ങിയ സാധനങ്ങൾ | തുക | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|---|---|
| 1. | 189/18- പെയിൻ& പാലിയേറ്റീവ് | ന്യൂ അലങ്കാർ സ്റ്റോർ | 85 ഫ്ലാസ്കുകൾ | 25,500 | 12 | 14/3/2018 | 43,850 |
| 2. | “” | ഇരിഞ്ഞാലക്കുട സർജിക്കൽ | 5 വീൽ ചെയർ,5 എയർബെഡ് | 33,300 | 13 | 14/3/2018 | 33,300 |

ക്യാഷ് ബുക്ക് എഴുതി ഹാജരാക്കേണ്ടതും മറ്റ് അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി 19തീ 30/1/2019)

## 3-7 പെയിൻ & പാലിയേറ്റീവ് - മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് 189/18 -പെയിൻ& പാലിയേറ്റീവ്

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (സാമൂഹ്യാരോഗ്യകേന്ദ്രം)

പ്രോജക്ടിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|
| 21 | 28/3/2018 | 3,05,000 |

എന്നാൽ നാളിതു വരെ മരുന്ന് ലഭ്യമായിട്ടില്ല.മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 19 തീ 30/1/19)

## 3-8 യുവാക്കൾക്കും യുവതികൾക്കും സ്വയം തൊഴിൽ സംരംഭത്തിനായി ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം-സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിക്കാത്തവർക്കും കരാറില്ലാതെ സബ്സിഡി നൽകി

പ്രോജക്ട് – എസ്.ഒ 197/18- യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭത്തിനായി ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം

പ്രോജക്ട് – എസ്.ഒ 198/18- യുവതികൾക്ക് സ്വയം തൊഴിൽ സംരംഭത്തിനായി ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

മേൽ 2 പ്രോജക്ടുകൾ പ്രകാരം യുവാക്കൾക്കും യുവതികൾക്കും സ്വയം തൊഴിൽ സംരംഭത്തിനായി ഇരുചക്രവാഹനം വാങ്ങുന്നതിന് 30,000 രൂപ പരിധിക്ക് വിധേയമായി ഇരു ചക്ര വാഹനത്തിന്റെ വിലയുടെ 33.33% തുക സബ്സിഡിയായി നല്കിയിട്ടുണ്ട്.വാഹനം വിറ്റ സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്കാണ് തുക നൽകിയിട്ടുള്ളത്.സ്വയം തൊഴിൽ സംരംഭത്തിലൂടെ വരുമാനം നേടുന്നതിന് യുവാക്കളെ സഹായിക്കുന്നതിന് വേണ്ടി ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നല്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കേണ്ട പ്രോജക്ടിൽ അപ്രകാരം യോഗ്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടല്ല സബ്സിഡി അനുവദിച്ചതെന്ന് കാണുന്നു. സർക്കാർ

ഉത്തരവ് (എം.എസ്) 80/2017 ത.സ്വ.ഭ.വ തീ 03.04.2017 ഖണ്ഡിക 8.7(5) പ്രകാരം നിഷ്കർഷിക്കുന്ന രേഖകളോ അന്വേഷണ റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങൾക്ക് മുൻപ് ഈ ആനുകൂല്യം ലഭ്യമായിട്ടില്ല എന്നോ ഗുണഭോക്താക്കൾക്ക് വേറെ ഇരുചക്രവാഹനങ്ങൾ സ്വന്തമായി ഇല്ല എന്നോ സാക്ഷ്യപത്രം സ്വയം അല്ലെങ്കിൽ നിർവ്വഹണോദ്യഗസ്ഥ അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റ് രേഖകൾ ഹാജരാക്കത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ഗുണഭോക്താവ് | വാങ്ങിയ വാഹനം | വാഹനത്തിന്റെ വില | സബ്സിഡി തുക | അപേക്ഷ | സ്വയം തൊഴിൽ സംബന്ധിച്ച വിവരങ്ങൾ | കരാർ | വരുമാന സാക്ഷ്യപത്രം | തൊഴിൽ രഹിത സാക്ഷ്യപത്രം | വാഹന രജിസ്ട്രേഷൻ | ചെലവ് വിവരങ്ങൾ (ക്യൂ ബിൽ ആയി 2018-19 ൽ മാറിയത് ഉൾപ്പെടെ) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
| 1. | ശ്രീ അഖിൽ എം.എസ് | ഹോണ്ട ഡിയോ | 53,452 | 17,800 | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | | 4 | 25/5/18 | 17,800 |
| 2. | ശ്രീ അജിത് കുമാർ | ഹോണ്ട ആക്ടീവ | 54,855 | 18,267 | | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | 10 | 20/1/18 | 1,08,380 |
| 3. | ശ്രീ ധനേഷ് ടി.കെ | ഹോണ്ട യൂണീകോൺ 160 സി സി | 77,115 | 25,679 | | ഇല്ല | ഇല്ല | | ഇല്ല | | | | |
| 4. | ശ്രീ കണ്ണൻ പി.സി | ഹോണ്ട ആക്ടീവ | 54,855 | 18,267 | | ഇല്ല | ഇല്ല | | ഇല്ല | | | | |
| 5. | ശ്രീ വിവേക് എ വി | ഹോണ്ട സി ബി ഹോർനെറ്റ് 160 സിസി | 85,396 | 28,437 | | ഇല്ല | ഇല്ല | | ഇല്ല | | | | |
| 6. | ശ്രീ സുസ്മിത് കെ എസ് | ഹോണ്ട ഡിയോ | 53,243 | 17,730 | | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | | | |
| 7. | ശ്രീ റിനു കെ എസ് | ആക്സസ് | 61,432 | 20,456 | | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | 17 | 12/2/2018 | 20,456 |
| 8. | ശ്രീ റിനേഷ് ഇ വി | ഹീറോ മാസ്റ്റ്റോ എഡ്ജ് | 52,900 | 17,616 | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | 38 | 28/3/2018 | 17,616 |
| 9. | ശ്രീ രാജേഷ് | ഹീറോ ഗ്ലാമർ | 60,881 | 20,273 | | ഇല്ല | ഇല്ല | | ഇല്ല | | 11 | 22/1/18 | 38017 |
| 10. | ശ്രീ ഹരിശങ്കർ | ഹീറോ മാസ്റ്റ്റോ എഡ്ജ് | 53,284 | 17,744 | | | | | ഇല്ല | | | | |
| 11. | ശ്രീ കിഷോർ എം സി | സുസുകി ഗിക്സർ | 85,566 | 28,493 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 3 | 25/5/2018 | 28,493 |
| 12. | ശ്രീ ശ്രീനിവാസൻ എം ഡി | ഹീറോ ഗ്ലാമർ | 59,277 | 19,740 | | ഇല്ല | ഇല്ല | | ഇല്ല | | 20 | 20/2/18 | 19,740 |
| 13. | ശ്രീ സജീവൻ പി എസ് | ഹീറോ ഗ്ലാമർ | 61,237 | 20,392 | | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | 12 | 22/7/2017 | 20,392 |
| 14. | ശ്രീ ബിനിൽ എം ഡി | ഹോണ്ട ആക്ടീവ | 54,991 | 18,312 | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | | 25 | 13/3/2018 | 18,312 |
| | | | | 2,89,206 | | | | | | | | | 2,89,206 |

3.പ്രോജക്റ്റ് – എസ്.ഒ 197/18- യുവതികൾക്ക് സ്വയം തൊഴിൽ സംരംഭത്തിനായി ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം

| ക്ര.ന | ഗുണഭോക്താവ് | വാങ്ങിയ വാഹനം | വാഹനത്തിന്റെ വില | സബ്സിഡി തുക | അപേക്ഷ | സ്വയം തൊഴിൽ സംബന്ധിച്ച വിവരങ്ങൾ | കരാർ | വരുമാന സാക്ഷ്യപത്രം | തൊഴിൽ രഹിത സാക്ഷ്യപത്രം | വാഹന രജിസ്ട്രേഷൻ | ചെലവ് വിവരങ്ങൾ (ക്യൂ ബിൽ ആയി 2018-19 ൽ മാറിയത് ഉൾപ്പെടെ) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ശ്രീമതി ബിന്ദു ഉണ്ണികൃഷ്ണൻ | ഹീറോ ഡ്യൂയറ്റ് | 53,232 | 17,726 | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | 13 | 27/1/2018 | 53,214 |
| | | | | | | | | | | | 36 | 28/3/2018 | 17,800 |
| 2. | ശ്രീമതി അശ്വതി എം.എസ് | ഹീറോ മാസ്ട്രോ | 53,284 | 17,744 | | ഇല്ല | ഇല്ല | | ഇല്ല | | 39 | 28/3/2018 | 17,800 |
| | | | | | | | | | | | 2 | 25/5/2018 | 19,664 |
| 3. | ശ്രീമതി പ്രിയ വിജീഷ് | ഹീറോ മാസ്ട്രോ | 53,284 | 17,744 | | ഇല്ല | ഇല്ല | | ഇല്ല | | 15 | 28/3/2018 | 18,267 |
| | | | | | | | | | | | 14 | 27/1/2018 | 90,933 |
| | | | | | | | | | | | 19 | 12/2/2018 | 18,312 |
| | | | | | | | | | | | | | 2,35,990 |
| 4. | ശ്രീമതി കവിത സുഭാഷ് | ഹോണ്ട ഡിയോ | 53,482 | 17,800 | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | | | | |
| 5. | ശ്രീമതി ശ്രീദേവി അനിരുദ്ധൻ | ഹോണ്ട ഡിയോ | 53,242 | 17398 | | | ഇല്ല | | ഇല്ല | ഇല്ല | | | |
| 6. | ശ്രീമതി പ്രസന്ന ഷാജു | ഹോണ്ട ആക്ടീവ | 54,991 | 18267 | | ഇല്ല | ഇല്ല | | ഇല്ല | | | | |
| 7. | ശ്രീമതി ചാന്ദിനി ചന്ദ്രൻ | ഹോണ്ട ആക്ടീവ | 54,991 | 18267 | | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | | | |
| 8. | ശ്രീമതി സുനിത ഉണ്ണികൃഷ്ണൻ | ഹോണ്ട ആക്ടീവ | 54991 | 18267 | | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | | | |
| 9. | ശ്രീമതി സുശീല സി എസ് | ഹോണ്ട ആക്ടീവ | 54,855 | 18267 | | ഇല്ല | ഇല്ല | | ഇല്ല | | | | |
| 10. | ശ്രീമതി ഹിമ ഷാജു | ഹോണ്ട ആക്ടീവ | 54,855 | 18267 | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | | | |
| 11. | ശ്രീമതി തനു എം കെ | ഹോണ്ട ആക്ടീവ | 54,991 | 18,267 | | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | | | |
| 12. | ശ്രീമതി രമ്യ ശിവരാമൻ | യമഹ ഫാസിനോ | 59,050 | 18,312 | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | | | |
| 13. | ശ്രീമതി സബിത ബിനോയ് | ഹോണ്ട ഡിയോ | 53,452 | 19,664 | | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | | | |
| | | | | 235990 | | | | | | | | | |

മേൽ രേഖകളുടെ അഭാവത്തിൽ അർഹരായവർക്കും സ്വയംതൊഴിലിന് സന്നദ്ധരായവർക്കും ആണ് വാഹനം വിതരണം ചെയ്യതെന്ന് ഉറപ്പ് വരുത്താനോ കരാറിന്റെ അഭാവത്തിൽ സബ്സിഡി തുക അനുവദിച്ച് വാങ്ങിയ വാഹനത്തിന്റെ നിശ്ചിത വർഷത്തേക്കെങ്കിലും വില്പന തടയുന്നതിന് ഗുണഭോക്താവിനെ നിർബന്ധിതമാക്കുന്നതിനും സാധിക്കാതെ വരുന്നു.

ഗുണഭോക്താക്കളുടെ സ്വയംതൊഴിൽ സംബന്ധിക്കുന്ന റിപ്പോർട്ട് ലഭ്യമാക്കേണ്ടതും കരാറിൽ ഒപ്പ് വയ്ക്കേണ്ടതുമാണ്.വാഹനരജിസ്ട്രേഷൻ സംബന്ധിക്കുന്ന രേഖകൾ ഹാജരാക്കാത്തവരുടെ കയ്യിൽ നിന്നും ആയതിന്റെ പകർപ്പും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 30/1/2019)

## 3-9 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ-പൊതു അപാകതകൾ

3.9.1.അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കുന്ന പ്രോജക്ടുകളുടെ പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3.9.2പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല

3.9.3 നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കുന്നില്ല.
മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 17 തീ 30/1/2018)

## 3-10 എസ്.സി വിദ്യാർത്ഥികൾക്ക് മേശ ,കസേര വിതരണം-ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ

എസ്.സി വിദ്യാർത്ഥികൾക്ക് മേശ ,കസേര വിതരണം

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

| ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഇൻവോയ്സ് | തീയ്യതി | തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 31 | 23/3/2018 | 2,64,000 | B154 | 12/3/2018 | 2,64,000 | കസേര, മേശ എന്നിവ വാങ്ങിയ ചെലവ്. |

എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും താഴെ ചേർത്തിരിക്കുന്ന രീതിയിൽ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് റിനി എഞ്ചിനീയറിംഗ് വർക്സ് എടയാർ എന്ന സ്ഥാപനത്തിൽ നിന്ന് 80 കസേരകളും മേശകളും ലഭ്യമാക്കുകയും വിദ്യാർത്ഥികൾക്ക് വിതരണം നടത്തുകയും ചെയ്തു.

| ടെണ്ടർ നൽകിയ സ്ഥാപനം | ക്വാട്ട് ചെയ്ത വില | |
|---|---|---|
| | മേശ | കസേര |
| സൂപ്പർഷൈൻ ആളൂർ | 2795 | 850 |
| റിനി എഞ്ചിനീയറിംഗ് വർക്സ് എടയാർ | 2450 | 1200 |
| ഫിഡ്കോ ഏജൻസീസ് | 2464 | 1124 |

3.10.1 മേശക്ക് കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്തത് (2450 രൂപ) റിനി എഞ്ചിനീയറിംഗ് വർക്ക്സ് എടയാർ എന്ന സ്ഥാപനവും കസേരയ്ക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് സൂപ്പർഷൈൻ ആളൂർ (850 രൂപ) എന്ന സ്ഥാപനവുമാണ്. എന്നാൽ 7/2/18 ലെ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനം പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തു എന്ന് കാരണം രേഖപ്പെടുത്തി മേശയും കസേരയും സപ്ലൈ ചെയ്യുന്നതിന് റിനി എഞ്ചിനീയറിംഗ് വർക്ക്സ് എടയാർ (മിനിട്ട്സ് ബുക്കിൽ ആദ്യം ഫിഡ്കോ എന്ന് രേഖപ്പെടുത്തുകയും പിന്നീട് തിരുത്തൽ വരുത്തിയ ശേഷം) എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തു.കസേരയ്ക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് സൂപ്പർഷൈൻ ആളൂർ എന്ന സ്ഥാപനമാണെന്നിരിക്കെ കസേരയുടെ കുറഞ്ഞവില ക്വാട്ട് ചെയ്തത് റിനി എഞ്ചിനീയറിംഗ് വർക്ക് എടയാർ എന്ന സ്ഥാപനമാണെന്ന രീതിയിൽ രേഖപ്പെടുത്തൽ വരുത്തി തീരുമാനം എടുത്തു. അപ്രകാരം മേശയും കസേരയും യഥാക്രമം 2450 രൂപ, 1200രൂപയ്ക്ക് വാങ്ങി

3.10.2 ഡി /790/18 തീ 7/2/18,14/2/18 നമ്പർ കത്ത് പ്രകാരം സപ്ലൈ ഓർഡർ നല്കി .സപ്ളെ ഓർഡറിൽ "ഭരണസമിതിയുടെ 8/2/18 ലെ 1(1) തീരുമാനപ്രകാരം "എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപ്രകാരം തീരുമാനം എടുത്തതായി കാണുന്നില്ല.14.3.2018 ലെ 1(2) നമ്പർ തീരുമാനമായാണ് ഭരണസമിതി ടെണ്ടർ അംഗീകരിച്ചിരിക്കുന്നത്.ഭരണസമിതി അംഗീകാരമില്ലാതെ സപ്ലൈഓർഡർ നല്കിയത് ക്രമപ്രകാരമല്ല.

3.10.3 കസേരക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സൂപ്പർഷൈൻ ആളൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ,മറ്റ് കാരണങ്ങൾ രേഖപ്പെടുത്തി തള്ളാത്ത സാഹചര്യത്തിൽ, ആ സ്ഥാപനത്തിനു സപ്ളെ ഓർഡർ നൽകാതെ റിനി എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനവുമായി നെഗോഷ്യേയറ്റ് ചെയ്ത് സൂപ്പർഷൈൻ ആളൂർ ക്വാട്ട് ചെയ്ത വിലയിലേക്ക് കുറച്ച് കൊണ്ടുവന്ന് സപ്ലൈ ഓർഡർ നല്കുകയും സാധനങ്ങൾ ലഭ്യമാക്കി തുക നല്കുകയും ചെയതതിനാൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ സൂപ്പർഷൈൻ ആളൂർ എന്ന സ്ഥാപനത്തിന് നീതി നിഷേധിക്കപ്പെട്ടു.

3.10.4 കരാറിൽ ഏർപ്പെട്ട ശേഷമെ സപ്ലൈ ഓർഡർ നല്കാവൂ എന്നിരിക്കെ സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെ സപ്ളെ ഓർഡർ നല്കി. ടെണ്ടർ സ്വീകരിക്കുന്നതിലെയും തുടർനടപടികൾ സ്വീകരിക്കുന്നതിലേയും മേൽ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു. ഇവ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17 തീ 30/1/2019)

## **3-11** വിദേശത്ത് തൊഴിൽ ലഭ്യമാകുന്നവർക്കുള്ള ധനസഹായം-നിലവിൽ വിദേശത്ത് ജോലി ചെയ്തു കൊണ്ടിരുന്ന റെസിഡൻസ് വിസ ഉള്ളവർക്ക് നൽകി

പ്രോജക്റ്റ് 140/18 -വിദേശത്ത് തൊഴിൽ ലഭ്യമാകുന്നവർക്കുള്ള ധനസഹായം

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

മാള ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരായ പട്ടികജാതി യുവതിയുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം വിസയും വിമാനടിക്കറ്റും അനുബന്ധരേഖകളും ഹാജരാക്കുന്ന മുറക്ക് 50,000 രൂപ ധനസഹായം നൽകുന്നതിനായി തയ്യാറാക്കിയതാണ് പ്രോജക്റ്റ്. ഈ പ്രോജക്റ്റ് പ്രകാരം 3 ഗുണഭോക്താക്കൾക്ക് സഹായം നൽകിയിട്ടുണ്ട്. ഇവരിൽ താഴെ പറയുന്ന 2 ഗുണഭോക്താക്ക്ൾ സമർപ്പിച്ച രേഖകളിൽ നിന്നും വിദേശത്ത് നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നവർക്ക് ധനസഹായം നൽകിയതായി കാണുന്നു.

3.11.1 ശ്രീ ജിനീഷ്, പൂലാനിക്കൽ വീട്.

ട്രഷറി ബിൽ നമ്പർ 8 തീ 20/1/2018 രൂപ 50,000

3.11.1.1 ശ്രീ ജിനീഷ് 20/12/17 ൽ സമർപ്പിച്ച അപേക്ഷയിൽ വിദേശത്ത് നിലവിൽ ജോലി ചെയ്തു കൊണ്ടിരിക്കുകയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3.11.1.2 ശ്രീ ജിനീഷ് സമർപ്പിച്ചിരിക്കുന്നത് യു.എ.ഇ യിലെ റെസിഡൻസ് വിസയാണ്. വിസ പുതുക്കിയ കാലാവധി 12/7/17 മുതൽ 11/7/19 വരെയാണ്. എൻട്രി പെർമിറ്റോ എംപ്ലോയ്മെന്റ് വിസയോ ഹാജരാക്കിയിട്ടില്ല.

3.11.1.3 ശ്രീ ജിനീഷ് സമർപ്പിച്ച മടക്ക യാത്ര ഉൾപ്പെടെയുള്ള വിമാനടിക്കറ്റ് 24/7/17 ൽ ബുക്ക് ചെയ്തിട്ടുള്ളതാണ്. അതിൽ ലഭ്യമായ വിവരം പ്രകാരം ആദ്യ യാത്ര 30/8/17 ൽ ഷാർജയിൽ നിന്നും കൊച്ചിയിലേയ്ക്കും മടക്കയാത്ര 17/9/17 ൽ കൊച്ചിയിൽ നിന്നും ഷാർജയിലേക്കുമാണ്. ഇതിൽ നിന്നും അദ്ദേഹം അപേക്ഷ സമർപ്പിക്കുന്ന കാലയളവിന് മുമ്പേ വിദേശത്തായിരുന്നു എന്ന് കാണുന്നു.

3.11.2 ശ്രീ സുഭാഷ് കെ എസ്,

ട്രഷറി ബിൽ നമ്പർ 16 തീ 27/1/2018 തീ 50,000

3.11.2.1 സുൽത്താനേറ്റ് ഓഫ് ഒമാൻ -ൽ 9/6/18 ൽ കാലാവധി അവസാനിക്കുന്ന റെസിഡൻഷ്യൽ കാർഡ് ശ്രീ സുഭാഷ് ഹാജരാക്കിയിട്ടുണ്ട്.എൻട്രി പെർമിറ്റോ എംപ്ലോയ്മെന്റ് വിസയോ ഹാജരാക്കിയിട്ടില്ല.

3.11.2.2. ശ്രീ സുഭാഷ് ന് 15/8/2016 മുതൽ തന്നെ സുൽത്താനേറ്റ് ഓഫ് ഒമാൻ- ൽ നിന്നും ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുണ്ട്.

3.11.2.3 വിസയുടെ വിവരങ്ങൾ ഇല്ല

മേൽ വിവരങ്ങളിൽ നിന്നും ഇവർ നിലവിൽ വിദേശത്ത് ജോലി ചെയ്തുകൊണ്ടിരിക്കുകയോ താമസിച്ചുവരികയോ ചെയ്തുവരികയാണെന്നും വിദേശത്ത് റെസിഡൻസ് വിസ ഉള്ളവരാണ് എന്നും വ്യക്തമാകുന്നു.ധനസഹായം ലഭ്യമായവരിൽ നിന്നും 2017-18 ൽ ജോലി ലഭിച്ച് വിദേശത്ത് പോയവരാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് ആവശ്യപ്പെടുന്നതിനും ആയത് പരിഗണിച്ച് ഭരണസമിതി തീരുമാനത്തിലെത്തേണ്ടതാണെന്നും ഓഡിറ്റിൽ, ശുപാർശ ചെയ്യുന്നു. രേഖകൾ ഹാജരാക്കാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിന് പിന്നീട് നടപടി സ്വീകരിക്കുന്നതാണ്. (ഓഡിറ്റ് എൻക്വയറി 17തീ 30/1/19)

## 3-12 പി.വി.സി വാട്ടർ ടാങ്ക് വിതരണം (എസ്.സി)-ടെണ്ടർ നടപടികളിൽ അപാകതകളുണ്ടായി - ഗുണഭോക്താക്കളിൽ നിന്നും കൂടുതൽ പിരിച്ച ഗുണഭോക്തൃവിഹിതം തിരികെ നൽകണം

പ്രോജക്റ്റ് 162/18- പി.വി.സി വാട്ടർ ടാങ്ക് വിതരണം (എസ്.സി)
നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് : 4,35,000

| ക്ര.ന | ട്രഷറി ബിൽ നമ്പർ/ചെക്ക് നമ്പർ | തീയ്യതി | തുക | കുറിപ്പ് | ഇൻവോയ്സ് നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|---|---|
| 1. | 29 | 20/3/2018 | 2,17,500 | വികസന ഫണ്ട് | വി പി എഫ് /4585/17-18 | 14/3/2018 | 1,45,000 |
| 2. | 34 | 27/3/2018 | 1,08,750 | വികസന ഫണ്ട് | വി പി എഫ് /4621/17-18 | 16/3/2018 | 1,45,000 |
| 3. | ചെക്ക് 2342745 | 31/3/2018 | 108750 | ഗുണഭോക്തൃവിഹിതം | വി പി എഫ് /5014/17-18 | 31/3/2018 | 1,04,400 |
| 4. | | | | ഗുണഭോക്തൃവിഹിതം | വി പി എഫ് /00009 /18-19 | 3/4/2018 | 40,600 |
| | | | 4,35,000 | | | | 4,35,000 |

പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് 75% സബ്സിഡി നിരക്കിൽ വാട്ടർടാങ്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. 2900 രൂപ നിരക്കിലുള്ള 500 ലിറ്റർ വാട്ടർടാങ്ക് 150 എണ്ണം വിക്ടോറിയ പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ഒരു ഗുണഭോക്താവിൽ നിന്ന് 800 രൂപയാണ് ഗുണഭോക്തൃവിഹിതം ആയി പിരിച്ചെടുത്തിട്ടുള്ളത്. മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

3.12.1 ഇ-ടെണ്ടർ മുഖേനയാണ് വാട്ടർടാങ്ക് വിതരണം ചെയ്യേണ്ട സ്ഥാപനത്തെ തെരെഞ്ഞെടുത്തത്. എന്നാൽ ഇ-ടെണ്ടർ സൈറ്റിൽ നാളിതു വരെ ടെണ്ടർ നടപടികൾ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടില്ല. ടെണ്ടർ നടപടികൾ പ്രയോഗത്തിൽ പൂർത്തീകരിച്ചെങ്കിലും ഇ-ടെണ്ടർ സൈറ്റിൽ ഐ.ഡി നമ്പർ 2017_DD_177704_1 ആയുള്ള ഈ ടെണ്ടർ നാളിതുവരെ തുറന്നിട്ടില്ല രേഖപ്പെടുത്തിയിരിക്കുന്നത്.ഇ-ടെണ്ടർ വെബ്സൈറ്റിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ടാബുലേഷൻ ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയെങ്കിലും ആയത് വെബ്സൈറ്റിൽ

ലഭ്യമല്ല.സാങ്കേതികമായ ന്യൂനതകൾ പരിഹരിച്ച് ഇ-ടെണ്ടർ സൈറ്റിലെ ടെണ്ടർ സംബന്ധിക്കുന്ന നാളിതുവരെയുള്ള നടപടിക്രമങ്ങളുടെ വിവരങ്ങൾ പൊതു ജനങ്ങൾക്കും ടെണ്ടറിൽ പങ്കെടുത്തവർക്കും ദൃശ്യമാകുന്ന രീതിയിൽ അപ്ഡേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.12.2ടെണ്ടറിൽ പങ്കെടുത്ത 5 സ്ഥാപനങ്ങളുടെയും അവ ക്വാട്ട് ചെയ്ത നിരക്കിന്റെയും വിവരങ്ങൾ ചേർക്കുന്നു.

| ക്ര.ന | സ്ഥാപനം | ക്വാട്ട് ചെയ്ത വില |
|---|---|---|
| 1. | ട്യൂബ് ലിങ്ക് | 3127 |
| 2. | അരുൺ പോളിമേഴ്സ് | 2525 |
| 3. | വിക്ടോറിയ പോളിമേഴ്സ് | 2478.81 |
| 4. | ശ്രീ അമ്മൻ പോളിമേഴ്സ് | 2428 |
| 5. | കാരീസ് പൈപ്പ്സ് ആന്റ് ട്യൂബ്സ് പ്രൈ ലി | 2664 |

26/2/18 ൽ ചേർന്ന പ്രോക്യൂർമെന്റ് കമ്മിറ്റി യോഗത്തിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ അമ്മൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിന്റെ ടാങ്കിനേക്കാൾ ഗുണനിലവാരം വിക്ടോറിയ പോളിമേഴ്സ് എന്ന സ്ഥാപനത്തിന്റെ ടാങ്കിനായതിനാൽ അത് തെരെഞ്ഞെടുക്കാൻ തീരുമാനിച്ചു. എന്നാൽ യോഗത്തിൽ 5 പേരുടെ പേര് രേഖപ്പെടുത്തിയിരിക്കുന്നുണ്ടെങ്കിലും ശ്രീ പി.കെ സുകുമാരൻ ,പ്രസിഡണ്ട് മാത്രമേ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളൂ.മിനട്ട്സ് ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.(പേജ് 85)

3.12.3 ഐ.എസ്.ഐ മാർക്ക് ഉള്ള വാട്ടർ ടാങ്ക് ആണ് സ്പെസിഫിക്കേഷനിൽ ചേർത്തിട്ടുള്ളത് എന്നിരിക്കെ ക്ഷമതയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താതെ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടാങ്കിന് ഗുണനിലവാരം ഇല്ല എന്ന് കണ്ടെത്തിയതെങ്ങിനെയെന്ന് വ്യക്തമല്ല.കാരണം രേഖപ്പെടുത്തിയിട്ടില്ല.

3.12.4പ്രോക്യൂർമെന്റ് കമ്മിറ്റി മിനട്ട്സിൽ വിക്ടോറിയ പോളിമേഴ്സിനെ അംഗീകരിച്ചതായി ചേർത്ത് ടാങ്കിന്റെ വില 2478, ടാക്സ് ഉൾപ്പെടെ 2900 എന്നും രേഖപ്പെടുത്തിയിരിക്കുന്നു.വിക്ടോറിയ പോളിമേഴ്സ് ഇ-ടെണ്ടർ സൈറ്റിലെ ടെണ്ടർ ബി.ഒ.ക്യു വിൽ ക്വാട്ട് ചെയ്ത നിരക്ക് 2478.81 രൂപയാണ്.ഡി3/2017-18 തീ 15/12/17 ആയുള്ള ടെണ്ടർ നോട്ടീസിൽ ക്ര.ന 6 ആയുള്ള നിബന്ധന അനുസരിച്ച് ടാക്സ് ,കയറ്റിറക്കൽ ഉൾപ്പെടെയുള്ള എല്ലാ നിരക്കും ചേർത്ത അന്തിമ നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.
എന്നാൽ ഇ-ടെണ്ടർ സൈറ്റിൽ നിന്നും പ്രിന്റ് എടുത്ത ടെണ്ടർ ബി.ഒ.ക്യു വിൽ സ്ഥാപനം വില രേഖപ്പെടുത്തേണ്ട കോളത്തിൽ Basic rate,Amount excluding tax എന്നുമാണ് തലക്കെട്ട് എന്നു കാണുന്നു.ആയതിനാൽ ടെണ്ടറിൽ നികുതി ഇല്ലാത്ത നിരക്ക് സ്ഥാപനം രേഖപ്പെടുത്തുകയും ടാക്സ് ഉൾപ്പെടെയുള്ള നിരക്ക് ടെണ്ടർ ഡോക്യുമെന്റിനോപ്പം വേറെ സമർപ്പിച്ചതായും കാണുന്നു.ആയതിനാൽ ടെണ്ടർ നോട്ടീസിലെ വ്യവസ്ഥകളും ഇ-ടെണ്ടർ സൈറ്റിലെ കോളങ്ങളും പൊരുത്തപ്പെടാത്തതിനാൽ ഗ്രോസ്സ് തുക സൈറ്റിൽ രേഖപ്പെടുത്തുകയോ ടാബുലേഷൻ ഷീറ്റിൽ അത് പ്രതിഫലിക്കുകയോ ചെയ്തില്ല.ഇത് ടെണ്ടർ നടപടിക്രമങ്ങളിൽ ആശയകുഴപ്പം സൃഷ്ടിക്കുന്നതും ഭാവിയിൽ വ്യവഹാരങ്ങൾക്ക് കാരണമായേക്കാവുന്നതുമാണ്.ടെണ്ടർ നോട്ടീസിലെ വ്യവസ്ഥകളും വൈബ്സൈറ്റിലെ വിവരങ്ങൾ ചേർക്കുന്ന കോളങ്ങൾക്ക് ആധാരമായ തലക്കെട്ടുകളും പൊരുത്തപ്പെടേണ്ടതുണ്ട്.സാങ്കേതികപ്രശ്നങ്ങൾ NIC യുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

3.12.5 14 വാട്ടർ ടാങ്കുകൾ 3/4/2018 നാണ് സപ്ലൈ ചെയ്തത് .എന്നാൽ മുഴുവൻ തുകയും 31/3/2018 ന് കൊടുത്തു തീർത്തു.സാധനങ്ങൾ സപ്ലൈ ചെയ്ത ,സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി രേഖപ്പെടുത്തിയ ശേഷമേ തുക നൽകാവൂ എന്നിരിക്കെ 14 വാട്ടർ ടാങ്കുകളുടെ തുക മുൻകൂറായി നൽകിയത് ശരിയായ നടപടിയല്ല.
3.12.6 ഗുണഭോക്തൃവിഹിതമായി സ്വീകരിച്ചിരിക്കുന്നത് 800 രൂപയാണ്. ഒരു വാട്ടർടാങ്കിന് 2900 രൂപയുടെ 25% - അതായത് 725 രൂപയാണ് ഗുണഭോക്തൃവിഹിതം പിരിക്കേണ്ടത്. എന്നാൽ 800 രൂപ പിരിച്ചെടുത്തിട്ടുണ്ട്. 150 എണ്ണത്തിന് @725/- 108750/- രൂപയാണ് ഗുണഭോക്താവിന് ചെലവഴിച്ചത്. ബാക്കിയുള്ള 75 രൂപ ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകേണ്ടതാണ്.
ടെണ്ടർ നടപടികളിലെ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇവ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന ഓഡിറ്റ് ശുപാർശ ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി 17 തീ 30/1/2019)

## 3-13 പഞ്ചായത്ത് ഓഫീസ് നവീകരണം-കോൺഫറൻസ് ഹാളിൽ വെടിഫൈഡ് ടൈൽ വിരിക്കൽ-ടൈലിന്റെ ഗുണനിലവാരം വിലയുടെ സാധുത ഉറപ്പുവരുത്താതിരിക്കൽ - കരാറുകാരന് തുക കുറവ് അനുവദിക്കുമെന്ന് അസി.എഞ്ചിനീയറുടെ (നിർവ്വഹണ ഉദ്യോഗസ്ഥ) വിശദീകരണം

പ്രൊജക്റ്റ് നം.-26/19,അടങ്കൽ -അഞ്ചുലക്ഷം രൂപ(തനതുഫണ്ട്)

കരാറുകാരൻ-ശ്രീ.സി.വി.ദേവസിക്കുട്ടി

കരാർ-35/18-19/AE/LSGD/Mala dt7/1/19

പഞ്ചായത്ത് ഓഫീസ് നവീകരണത്തിന്റെ ഭാഗമായി കോൺഫറൻസ് ഹാളിൽ 21/1/19,22/1/19 തീയ്യതികളിലായി വെർട്ടിഫൈഡ് ടൈൽ വിരിച്ചിട്ടുണ്ട്. (സ്പെസിഫിക്കേഷൻ കോഡ്-11.41.2) ഈ സ്പെസിഫിക്കേഷൻ പ്രകാരം IS:15622 പ്രകാരം ഫസ്റ്റ് ക്വാളിറ്റിയിലുള്ള ടൈൽ ആണ് ഉപയോഗിക്കേണ്ടത്. ഇതിന്റെ അടങ്കൽ പ്രകാരമുള്ള നിരക്ക് ഒരു ച.മീറ്ററിന് 600 രൂപയാണ്. (600mmx600mm)ഇതോടുകൂടി കരാറുകാരന്റെ ലാഭം ഓവർഹെഡ് ചാർജ് 15%, കോസ്റ്റ് ഇൻഡക്സ് 37.25% എന്നിവ കൂടി ചേരുമ്പോൾ

വില 913.50രൂപ വരുന്നുണ്ട്. പ്രവൃത്തിക്കുള്ള നിരക്ക് ച.മീറ്ററിന് 1536.38 രൂപയും കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് 1450 രൂപയുമാണ്. (അതായത് 86.38രൂപകുറവ്)ഇവിടെ ടൈൽ വിരിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്ന ടൈൽ LIZZARTഎന്ന കമ്പനിയുടെ GRANITO എന്ന പേരിലുള്ളതാണ്.ഈ കമ്പനിയുടെ 600mmx600mm അളവിലുള്ള 1.44m2(4 pieces)ടൈലിന്റെ പരമാവധി ചില്ലറ വിലയായി പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് 650 രൂപയാണ്. അതായത് 1m2ന് 451.39രൂപവിലവരും.ടൈലിന്റെ ബാച്ച് നം., ഗുണനിലവാരം, എന്നിവയൊന്നും തന്നെ പാക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ്, എന്നിവ കൂടി ചേർത്ത് കണക്കാക്കിയാൽ വില 519.10 രൂപ/ച.മീ (പാക്കറ്റിൽ പരമാവധി ചില്ലറവില രേഖപ്പെടുത്തിയതിനാൽ കോസ്റ്റ് ഇൻഡക്സ് കൂട്ടുകയില്ല.) കരാറുകാരൻ കുറവ് രേഖപ്പെടുത്തിയ86.38 രൂപ മുഴവനായി എസ്റ്റിമേറ്റ് തുകയിൽനിന്ന് (913.50(-)86.38=827.12) കുറവ് ചെയ്താൽ ഒരു ച.മീററിന് 308.02 രൂപയോ അതിനടുത്തോ ഉള്ള തുക (827.12-519.10=308.02)കൂടുതലായി വരുന്നുണ്ട്. പ്രവൃത്തിയുടെ അളവുപുസ്തകം ഫയലിനൊപ്പമില്ല. ടൈലിന്റെ ഗുണനിലവാരം, വിലയുടെ സാധുത എന്നിവ പരിശോധിച്ചതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ഇനം 2പ്രകാരം 121.523m2അളവിലാണ് ടൈൽ വിരിക്കേണ്ടത്. വിലകുറഞ്ഞതും ഗുണനിലവാരം രേഖപ്പടുത്താത്തതുമായ ടൈൽ ഉപയോഗിച്ചതിനാൽ മേൽപറഞ്ഞ അളവിൽ പ്രവൃത്തിചെയ്താൽ കരാറുകാരന് ച.മീറ്ററിന് 308.02രൂപ പ്രകാരം 37431.51രൂപയോ അതിനടുത്ത തുകയോ അധികം ലഭിക്കുന്നതാണ്.

കോൺഫറൻസ് ഹാളിൽ കരാറുകാരൻ വിരിച്ച ടൈൽ വിലക്കുറവുള്ളതാണെന്ന് ഉറപ്പുള്ളതിനാലും ടൈലിന്റെ ഗുണനിലവാരം സംബന്ധിച്ച കാര്യങ്ങൾ ഉറപ്പുവരുത്തിയിട്ടില്ലാത്തതിനാലും കരാറുകാരന് ബിൽതുക അനുവദിക്കുമ്പോൾ ആവശ്യമായ കുറവുകൾ വരുത്തേണ്ടതാണെന്ന 6-ാം നം.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരന് ബിൽതുക അനുവദിക്കുമ്പോൾ കുറവു വരുത്തുമെന്ന് നി.ഉദ്യോഗസ്ഥയായ അസി.എൻജിനീയർ വിശദമാക്കിയിട്ടുണ്ട്. ഭാവിയിൽ ടൈൽ വിരിക്കുന്ന പ്രവൃത്തികൾ നടത്തുമ്പോൾ ഉപ യോഗിക്കുന്ന ടൈലിന്റെ ഗുണനിലവാരം വ്യക്തമായി ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-14 ആനപ്പാറ-കോൾകുന്ന് റോഡ് സംരക്ഷണ പ്രവൃത്തി കുറ്റമറ്റ നിർവഹണം, പിഴ ഈടാക്കൽ ഉറപ്പുവരുത്തേണ്ടതാണ്

പ്രൊജക്ട് നം.4/18 പ്രകാരം ആവിഷ്കരിച്ച ഈ സംരക്ഷണപ്രവൃത്തിയിൽ നിലവിലുള്ള ടാറിട്ട റോഡിൽ ആയത് ഇളകിപോയ ഭാഗങ്ങളിൽ (ചെയിനേജ് 444.500-489) മെറ്റലിങ് നടത്തി ടാറിങ് ചെയ്യൽ ബാക്കിയുള്ള ഭാഗങ്ങളിൽ റീടാറിങ് നടത്തൽ സംരക്ഷണഭിത്തി കെട്ടൽ എന്നിവയാണ് ഉൾപെട്ടിരുന്നത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/26/7/17 നം.തീരുമാനത്തിൽ കോൾകുന്ന് ആനപ്പാറ റോഡ് റീടാറിങ് നടത്തിയത് മൂന്നുമാസമായപ്പോൾ ഇളകിപ്പോയതായും ആനപ്പാറ പാച്ചാനിപ്പാടം സംരക്ഷണഭിത്തി മണ്ണിട്ട ഉയർത്താത്തതിനാൽ ഒരുഭാഗം അടർന്നുപോയതായും രേഖപ്പെടുത്തിയിരുന്നു. സ്ഥലപരിശോധന നടത്തിയപ്പോൾ റോഡ് പണി തുടങ്ങിയഭാഗം മുതൽ കുറച്ചുദൂരം വരെ പല സ്ഥലങ്ങളിലും ടാറിങ് ഇളകിപ്പോയി കുഴികൾ രൂപപ്പെട്ടതായികണ്ടു. മറ്റുസ്ഥലങ്ങളിലും റോഡിന്റെ തിണ്ട് ഇടിഞ്ഞിട്ടുണ്ട്. സംരക്ഷണഭിത്തി വേണ്ടത്ര മണ്ണ് ഇട്ട് ഉറപ്പിച്ചിട്ടില്ല എന്നും കണ്ടു.

ശ്രീ.എ.വി.ബാബു. എന്ന കരാറുകാരൻ 14/2/18ന് കരാറിലേർപ്പെട്ടശേഷം പ്രവൃത്തിസ്ഥലം ഏറ്റുവാങ്ങിയതിന്റെ വിവരം,അളവുപുസ്തകം എന്നിവ ഫയലിലില്ല. കരാറുകാരന് നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതുമാണ്.

കരാറുകാരനെക്കൊണ്ട് കുറ്റമറ്റ രീതിയിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതും കരാറിൽ വ്യവസ്ഥ ചെയ്തതുപോലെ പിഴ ഈടാക്കേണ്ടതുമാണ്,

ഇതുസംബന്ധിച്ചുള്ള 20/31/1/19 നം.ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

## 3-15 ഫ്രണ്ട് ഓഫീസ് രൂപകല്പനയിലെ അപാകതമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ
അടങ്കൽ തുക: 15 ലക്ഷം
ബിൽ നം.
21/17-18 – 18/08/17 – 1463297/-രൂപ

പ്രൊജക്ട് നം.68/18(189/17) ആയി 2017-18വർഷം 14634297 രൂപചെലവിൽ പുതിയ ഫ്രണ്ട് ഓഫീസ് എൻടൻസ് ഗേറ്റ് എന്നിവ നിർമിച്ചിട്ടുണ്ട്. 10/5/17 ന് പണി പൂർത്തീകരിച്ച ഫ്രണ്ട് ഓഫീസ് ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയുടെ 1(2)/10/8/18 നം. തീരുമാനത്തിൽ ഫ്രണ്ട് ഓഫീസ് പൂർത്തീകരണജോലിയിൽ അപാകതകൾ പരിഹരിക്കാൻ അസി.എൻജിനീയർക്ക് കത്ത് നൽകിയതായി പരാമർശിച്ചിട്ടുള്ളതാണ്. ഭരണസമിതിയുടെ 9(1)/12/9/18നം. തീരുമാനത്തിൽ ഫ്രണ്ട് ഓഫീസിന് മുകളിൽ വെള്ളം കെട്ടി നിൽക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 14/29/1/19നം.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഫ്രണ്ട് ഓഫീസ് എക്സ്റ്റൻഷൻ പൂർത്തീകരിച്ചശേഷം മഴക്കാലത്ത് ഭിത്തിയോട് ചേർന്ന ഭാഗങ്ങളിൽ ധാരാളം മഴവെള്ളം അകത്തേക്ക് വീഴുമായിരുന്നു എന്നും അപാകത പരിഹരിക്കാൻ അസി.എൻജിനീയർ, അസി.എക്സി. എൻജിനീയർ എന്നവരോട് അറിയിച്ചെങ്കിലും തുടർനടപടി ഉണ്ടായില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് ബഹിർഗമനയോഗത്തിൽ ചോർച്ചയുള്ള കാര്യം ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സൂചിപ്പിച്ചിട്ടുള്ളതാണ്.

ഫ്രണ്ട് ഓഫീസിന്റെ ഷീറ്റ്മേൽക്കൂര പണിതിരിക്കുന്നത് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽനിന്നും തൊട്ടടുത്തുള്ള കെട്ടിടത്തിലേക്ക് ഒരുചായ്പിറക്കിന്റെ രൂപത്തിലാണ്. ഉയരക്കൂടുതലുള്ള ഭാഗങ്ങളിൽ വീഴുന്ന മഴവെള്ളം ശക്തമായി താഴ്ന്ന ഭാഗങ്ങളിലേക്കൊഴുകുമ്പോൾ താഴ്ന്ന ഭാഗങ്ങളിൽ കെട്ടിക്കിടക്കുന്ന ഇലകൾ മഴവെള്ളത്തിന്റെ ഒഴുക്കിന് തടസ്സം സൃഷ്ടിക്കുന്നതും പ്രശ്നമാണ്.

താഴേക്ക് കോണാകൃതിയിൽ ഷീറ്റ്മേഞ്ഞ് വശങ്ങളിൽ പാത്തി ഘടിപ്പിക്കുന്നവിധം എസ്റ്റിമേറ്റ് പ്ലാൻ എന്നിവ രൂപകൽപന ചെയ്തിരുന്നുവെങ്കിൽ ഇപ്രകാരമുള്ള അപാകത സംഭവിക്കില്ലായിരുന്നു.

ഫ്രണ്ട് ഓഫീസിന്റെ പിറകുവശത്ത് ടൈൽ വിരിച്ചതിന്റെ അരികുവശം ഉരുട്ടി മയപ്പെടുത്താത്തതിനാൽ ഉണ്ടായിട്ടുള്ള ചെറിയ പൊട്ടൽ അപാകതകൾ പരിഹരിക്കുന്നതോടൊപ്പം തന്നെ ശരിയാക്കേണ്ടതും എത്രയും വേഗം ഫ്രണ്ട് ഓഫീസ് ഉപയോഗിച്ചുതുടങ്ങേണ്ടതുമാണ്.

## 3-16 വനിതാവ്യവസായ പ്ലോട്ട് പുതിയ കെട്ടിട, ഇക്കോ ടോയ്‌ലറ്റ് എന്നിവ ഉപയോഗപ്പെടുത്തേണ്ടതാണ്

1)വനിതാ വ്യവസായ പ്ലോട്ട് പുതിയ കെട്ടിടം
പ്രൊജക്ട് നമ്പർ 40/18,
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനിയർ
ബിൽ നം.28/14.11.17 – 748695/-
പ്രവൃത്തി പൂർത്തീകരിച്ചത് 29/05/17
നിലവിലുള്ള വനിതാ വ്യവസായ പ്ലോട്ട് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പദ്ധതി പ്രകാരം പൂർത്തീകരണ പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലും കെട്ടിടത്തിലേക്കിതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കി കെട്ടിടം ഉപയോഗപ്രദമാക്കേണ്ടതാണ്.
2)ഇക്കോ ടോയ്‌ലറ്റ്
പ്രൊജക്ട് നമ്പർ 41/18,
ബിൽ നം.9/19.09.17 – 542268/-
2017-18 വർഷം മാള ബസ്സ്റ്റാൻഡിലെ ഇക്കോ ടോയ്‌ലറ്റ് ചുറ്റും സംരക്ഷണഭിത്തി കെട്ടി ഇന്റർലോക്ക് കട്ടകൾ വിരിച്ചെങ്കിലും, 2018 ലെ പ്രളയത്തിൽ ആയത് നശിച്ച പോകുകയും, പോർട്ടബിൾ ഇക്കോ ടോയ്‌ലറ്റ് പ്രവർത്തന രഹിതമാവുകയും ചെയ്തു ആയതിന്റെ അറ്റകുറ്റ പണികൾക്കായുള്ള ടെൻഡർ നടപടികളായെന്ന് ഓഡിറ്റ് ബഹിർഗമന യോഗത്തിൽ സൂചിപ്പിച്ചു. എത്രയും വേഗം ബസ്റ്റാൻഡിലെ ഈ ഒരെയൊരു ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 3-17 മീറ്ററിങ്ങ് സമ്പ്രദായം ലാഭകരം

ഗ്രാമപഞ്ചായത്തിൽ 12/17 വരെയുള്ള വൈദ്യുതി ചാർജ്ജ് അടവാക്കിവന്നത് മീറ്ററിങ്ങ് സമ്പ്രദായം ഇല്ലാതെയായിരുന്നു. 19/12/17-29/12/17 കാലയളവിൽ സംയുക്ത പരിശോധന നടത്തി അതനുസരിച്ച 1/18 മുതൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗണ്യമായ കുറവ് കണ്ടു തുടങ്ങി. 2/18ൽ തന്നെ 105000ലേറെ തുക കുറവു വന്നിട്ടുണ്ട്. മുഴവൻ വിളക്കുകളും ഈ സമ്പ്രദായത്തിലേക്ക് മാറാതെയാണ് ഇത് സംഭവിച്ചിട്ടുള്ളത്. മീറ്റിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് മുമ്പ് ഓർഡിനറി ബൾബുകളുടെ ചാർജ്ജ് ആവശ്യപ്പെടുക വഴി പ്രതിമാസം 40000ത്തോളം രൂപ കൂടുതൽ അടക്കേണ്ടിവന്ന കാര്യം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇതിനിടെ 4/17 മുതൽ താരിഫ് വർദ്ധിപ്പിച്ചെങ്കിലും അധിക തുക അടയ്ക്കാതെ സംയുക്ത പരിശോധന നടത്താൻ ആവശ്യപ്പെടുകയാണുണ്ടായത്. മറ്റൊരു വസ്തുത 2008-2015 കാലയളവിൽ പുതുതായി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ ചാർജ്ജ് വൈദ്യുതിബോർഡ് 2015 ൽ ആവശ്യപ്പെട്ടുവെന്നുള്ളതാണ്. യഥാസമയം സംയുക്ത പരിശോധന നടത്താതെ, ഇല്ലാതെ ബൾബുകളുടെ ചാർജ്ജ് ഈടാക്കുകയും പുതുതായി സ്ഥാപിച്ച തെരുവു വിളക്കുകൾക്ക് കുടിശ്ശിക ആവശ്യപ്പെട്ടത് ആധികാരികമായ നടപടിയില്ല. കുടിശ്ശിക ഒടുക്കുവാൻ കഴിയുകയില്ല എന്ന് ഭരണസമിതിയിൽ വ്യക്തമാക്കിയത് പ്രകാരം ഇത് വൈദ്യുതി ബോർഡിനെ അറിയിക്കുകയും ചെയ്തിട്ടുള്ളതുമാണ്. കുടിശ്ശിക സംബന്ധിച്ച് വൈദ്യുത ബോർഡുമായി എത്രയും വേഗം ചർച്ച ചെയ്ത് ഒരു സമവായം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 24.09.2017 | 500000 | റിംഗ് കമ്പോസ്റ്റ് യൂണിറ്റ് New | NIL | 500000 |
| | 14.09.2017 | 200000 | റിംഗ് കമ്പോസ്റ്റ് യൂണിറ്റ് SO | 200000 | 0 |
| | 25.09.2017 | 500000 | സ്കോളർഷിപ്പ് ബത്ത വിതരണം | 500000 | 0 |
| | 29.11.2017 | 190000 | പാലിന് സബ്സിഡി | 190000 | 0 |

| | | | | | |
|---|---|---|---|---|---|
| | 11.01.2018 | 300000 | സമഗ്ര നെൽകൃഷി വികസനം | 300000 | 0 |
| ആകെ | | 1690000 | | 1190000 | |
| ജില്ലാ പഞ്ചായത്ത് | | | | | |
| | 2017 | 200000 | സമഗ്രനെൽകൃഷിവികസനം | 200000 | |
| | 2017 | 150000 | പാലിന് സബ്സിഡി | 150000 | |
| | 2017 | 375000 | സ്കോളർഷിപ്പ് ബത്ത വിതരണം | 362266 | 12734 |
| | ആകെ | 725000 | | | |

വാർഷികകണക്കപ്രകാരം ബ്ലോക്ക്പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് നീക്കിയിരിപ്പ് യഥാക്രമം 259798, 554756 രൂപയാണ് വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16741244 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| 3 | ആകെ | 16741244 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16741244 |

## 4-6 ഓഡിറ്റ് റിക്കവറി

| | | | | |
|---|---|---|---|---|
| 2017-18 | 3.16 | 21225 | ഷാജി.കെ.കെ,അസി.സെക്രട്ടറി | 117030107888/ 29/12/2017 |

വാർഷിക കണക്കപ്രകാരം 21599/-രൂപയാണ് ഈ ഇനത്തിൽ വരവ് 274 രൂപയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 | 3.8.10.2 | റോഡ് പാർശ്വ സംരക്ഷണം -ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം പാലിച്ചില്ല. ഫില്ലിംഗിന് | റവന്യൂ റിക്കവറി വഴി തുക ഈടാക്കിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | അധികചിലവ് | |
| | | 2014-15 | 3-2 | പ്രത്യേക ഘടകപദ്ധതിയായി ഫുഡ് കോർട്ട് നിർമ്മാണം-അപാകതകൾ | അസി.എഞ്ചിനീയറുടെ റിപ്പോർട്ട് 03/08/2018 തിയതിയിൽ ഹാജരാക്കിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84271463 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87832238 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |
| ആകെ | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | എൽ.എഫ്.ടി.പി.12-465/98/26.9.98 |
| 97-98,ചെലവ് | എൽ.എഫ്.ടി.പി.13-1108/99/18.3.00 |
| 97-98,വരവ് | എൽ.എഫ്.ടി.13-1597/01/17.4..02/2.8.02 |

| | |
|---|---|
| 98-99,ചെലവ് | എൽ.എഫ്.ടി.13- -345/00/13.2.00 |
| 98-99 വരവ് | എൽ.എഫ്.ടി.13-1596/01/17.4.02/2.8.02 |
| 99-00 | എൽ.എഫ്.ടി..13-1379/02/7.5.03 |
| 2000-01 | എൽ.എഫ്.ടി..13-1657/01/3.3.02 |
| 01-02 | എൽ.എഫ്.ടി.13-1355/06/3.1.06 |
| 01-02,പ്ലാൻ | എൽ.എഫ്.ടി.13-1529/04/1.7.04 |
| 02-03 | എൽ.എഫ്.ടി.(പി.4)51/14/14.3.14/3.7.14 |
| 03-04 | |
| 04-05 | |
| 05-06 | |
| 06-07 | |
| 07-08 | എൽ.എഫ്.ടി.പി.4-1903/11/31.12.11 |
| 08-09 | എൽ.എഫ്.ടി.പി4/1904/12/31.12.11/09.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി4-1905/12/18.02.13/16.07.13 |
| 11-12 | എൽ.എഫ്.ടി.പി4/1415/ 13/10.03.14/02.05.14 |
| 12-13 | എൽ.എഫ്.ടി.പി4/1719/ 14/4.2.15/10.2.15 |
| 13-14 | കെഎസ്എ ടിഎസ്ആർ(പി4) 1195/15/15.10.15 /21.10.15 |
| 14-15 | ടിഎസ്ആർ(പി4) 1210/16/22.07.16 |
| 2015-16 | നം.കെ.എസ്.എ. ടി.എസ്.ആർ.(പി-4)/1907/16 തീയതി: 11.11.2016 |
| 2016-17 | കെ.എസ്.എ. ടി.എസ്.ആർ.(പി-4)1417/2017 /4.10.17/9.11.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## <u>അനുബന്ധം - 1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.ടി.എസ്.ആർ.(പി4)419/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20
തീയ്യതി: 25.03.19

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാള ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

### ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ